I.ഇ.ബി.XIകേരള നിയമസഭ/IV20

# പതിനൊന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2002 ജൂലായ് 15, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

### അടിയന്തിരപ്രമേയം

കണ്ണൂർ ജില്ലയിൽ സി. പി. എം. പ്രവർത്തകൻ കൊലചെയ്യപ്പെട്ടത് സംബന്ധിച്ച്

മി. സ്പീക്കർ : ആർ. എസ്. എസ്. പ്രവർത്തകർ നടത്തി വരുന്ന വ്യാജവാറ്റും വില്പന യുമടക്കമുള്ള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളെ ചെറുക്കുന്നതിന് ജനകീയ കൂട്ടായ്മയ്ക്ക് നേതൃത്വം നല്കിയതിന്റെ വൈരാഗ്യത്താൽ കണ്ണൂർ ജില്ലയിലെ വിളക്കോട് സി. പി. ഐ(എം) പ്രവർത്തകനായ മുഹമ്മദ് ഇസ്മയിലിനെ ഒരു സംഘം ആർ.എസ്.എസ്. പ്രവർത്തകർ വെള്ളിയാഴ്ച രാത്രി വെട്ടിക്കൊലപ്പെടുത്തുകയും ഈ നരഹത്യയെത്തുടർന്നും പ്രതികൾ സ്വൈരമായി വിഹരിക്കുകയും ചെയ്യുകയാൽ ആ പ്രദേശത്തും പരിസര പ്രദേശങ്ങളിലും സംജാത മായിരിക്കുന്ന ഭീതിജനകവും അത്യന്തം ഗുരുതരവുമായ സ്ഥിതിവിശേഷം സഭാ നടപടികൾ

നിറുത്തിവച്ച് ചര്‍ച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സര്‍വ്വശ്രീ എം. വി. ഗോവിന്ദന്‍ മാസ്റ്റര്‍, എ. എ.

അസീസ്, കെ. പി. രാജേന്ദ്രന്‍, വി.സി.കബീര്‍, എ. സി. ഷണ്‍മുഖദാസ്, സി. കെ. നാണു, ഡോ: കെ. സി. ജോസഫ് എന്നീ അംഗങ്ങള്‍ റൂള്‍ 50 അനുസരിച്ച് നോട്ടീസ് നല്കിയിട്ടുണ്ട്.

മുഖ്യമന്ത്രി <u>(ശ്രീ. എ. കെ. ആന്റണി)</u>: കണ്ണൂര്‍ ജില്ലയില്‍ വിളക്കോട് ഇരിട്ടി കാക്കയങ്ങാട് പ്രദേശത്ത് 2002 ജൂലൈ 12-ന് സി. പി. ഐ.(എം) അനുഭാവിയായ മുഹമ്മദ് ഇസ്മയില്‍ റാവുത്തറെ ബി. ജെ. പി., ആര്‍. എസ്. എസ്. പ്രവര്‍ത്തകര്‍ ചേര്‍ന്ന് മഴുകൊണ്ട് വെട്ടി മൃഗീയമായി പരിക്കേല്‍പ്പിക്കുകയും തലശ്ശേരി സഹകരണാശുപത്രിയില്‍വച്ച് അദ്ദേഹം മരണപ്പെടുകയും ചെയ്തു. ഈ സംഭവവുമായി ബന്ധപ്പെട്ട് ഇന്‍ഡ്യന്‍ ശിക്ഷാ നിയമത്തിലെ വിവിധ വകുപ്പുകള്‍ ചേര്‍ത്ത് ക്രൈം 379/2000 നംപരായി ഇരിട്ടി പോലീസ് 13 പേര്‍ക്കെതിരെ ഒരു കേസ് രജിസ്റ്റര്‍ ചെയ്യുകയും പ്രതികളില്‍ നാലുപേരെ അറസ്റ്റുചെയ്ത് കോടതിയില്‍ ഹാജരാക്കുകയും കോടതി അവരെ റിമാന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഒളിവില്‍പോയ മറ്റു പ്രതികളെ അറസ്റ്റുചെയ്യുന്നതിന് വളപട്ടണം സര്‍ക്കിള്‍ ഇന്‍സ്പെക്ടര്‍ ഊര്‍ജ്ജിതമായി അന്വേഷണം നടത്തിവരുന്നു. സംഭവ സ്ഥലത്തും പരിസരപ്രദേശങ്ങളിലും ശക്തമായ പോലീസ് ബന്തവസ് ഏര്‍പ്പെടുത്തിയിട്ടുണ്ട്. മുഹമ്മദ് റാവുത്തരുടെ കൊലപാതകത്തില്‍ പ്രതിഷേധിച്ച് വിളക്കോടും പരിസരത്തുമുള്ള ബി.ജെ. പി., ആര്‍. എസ്. എസ്. പ്രവര്‍ത്തകരുടെ വീടുകളില്‍ കയറി വീട്ടുപകരണങ്ങളും മറ്റും നശിപ്പിച്ച തിന് ഏതാനും സി. പി. എം. പ്രവര്‍ത്തകര്‍ക്കെതിരെയും കേസ് രജിസ്റ്റര്‍ ചെയ്തിട്ടുണ്ട്. ഇപ്പോള്‍ അവിടെ സ്ഥിതിഗതികള്‍ സാമാന്യം നിയന്ത്രണാധീനമാണ്. അതിന്റെ അടിസ്ഥാനത്തില്‍ സഭാ നടപടികള്‍ നിറുത്തിവച്ച് ഈ വിഷയം ചര്‍ച്ച ചെയ്യേണ്ട കാര്യമില്ല.

<u>ശ്രീ. എം. വി. ഗോവിന്ദന്‍ മാസ്റ്റര്‍</u>: വാദി പ്രതിയാകുന്ന നിലയിലാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഉത്തരം. മുഴക്കുന്ന് പഞ്ചായത്തില്‍ വിളക്കോട് എന്ന സ്ഥലത്തെ അംഗവും മാര്‍ക്സിസ്റ്റ് പാര്‍ട്ടിയുടെ സജീവ പ്രവര്‍ത്തകനുമാണ് മൃഗീയമായി കൊലചെയ്യപ്പെട്ട മുഹമ്മദ് ഇസ്മയില്‍ റാവുത്തര്‍. ഇദ്ദേഹത്തെ ആര്‍. എസ്. എസ്. ക്രിമിനല്‍ സംഘം ആസൂത്രിതമായി വെട്ടി ക്കൊല്ലുകയാണ് ചെയ്തത്. സംഘട്ടനത്തിന് പശ്ചാത്തലമൊരുക്കുന്ന യാതൊരു സംഘര്‍ഷവും അവിടെയുണ്ടായിരുന്നില്ല. പണിയാ കോളനി കേന്ദ്രമാക്കി നടത്തിവന്നിരുന്ന വ്യാജവാറ്റിനും മദ്യ വില്‍പ്പനക്കുമെതിരായി നേതൃത്വപരമായ പങ്കുവഹിച്ചുവെന്നതാണ് മുഹമ്മദ് ഇസ്മയിലിന്റെ പേരിലുള്ള തെറ്റ്. അടുത്തകാലത്ത് ആര്‍.എസ്.എസ്. കാര്‍ പണിയാ കോളനിക്കടുത്ത് ആര്‍. എസ്.എസ്. ശാഖ നടത്തുകയും ആയുധ പരിശീലനവും പരസ്യമായ ആയുധ പ്രദര്‍ശനവും നടത്തി ഭീതിയുണ്ടാക്കുന്ന സ്ഥിതിയുണ്ടാക്കിയിരിക്കുകയയുമാണ്. ഈ കാര്യം പോലീസിന്റെ ശ്രദ്ധയില്‍ പ്പെടുത്തിയതിന്റെഫലമായി അവിടെ പോലീസ് റെയിഡ് നടത്തുകയും ചെയ്തിട്ടുണ്ട്. എന്നാല്‍ ഇപ്പോള്‍ പോലീസ് യാതൊരുതരത്തിലുള്ള നിലപാടും സ്വീകരിക്കാതെ ആര്‍.എസ്. എസ്-ന്റെ തടവുകാരായി മാറുന്ന അവസ്ഥയാണ്. ഈ പ്രശ്നം സംബന്ധിച്ച് സഭ നിറുത്തിവച്ച് ചര്‍ച്ച ചെയ്യണം.

പ്രൊഫ: എ. ഡി. മുസ്തഫ: വ്യാജവാറ്റുമായി ബന്ധപ്പെട്ടുതന്നെയാണ് മുഹമ്മദ് ഇസ്മയിൽ റാവുത്തർ കൊലചെയ്യപ്പെട്ടിരിക്കുന്നത്. അവിടെ കുറച്ചുകാലമായി ആർ. എസ്. എസ്. മാർക്സിസ്റ്റ് സംഘട്ടനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. കഴിഞ്ഞ മേയ് മാസത്തിൽ ഒരു ബസ് ഡ്രൈവറും 65 വയസ്സായ ഒരു സ്ത്രീയും 23 വയസ്സുള്ള ഒരു ചെറുപ്പക്കാരനും മാർക്സിസ്റ്റ് പാർട്ടിയുടെ അനുഭാവികളാൽ കൊലചെയ്യപ്പെടുകയുണ്ടായി. ഈ സംഭവങ്ങളിലൊക്കെ പോലീസ് ക്രിയാത്മക നടപടിയാണ് സ്വീകരിച്ചത്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): വ്യാജവാറ്റിനെക്കുറിച്ചുള്ള വിവരം അറിയിച്ചതിനെ തുടർന്നാണ് മുഹമ്മദ് ഇസ്മയിൽ റാവുത്തറെ മനോജ് അടക്കമുള്ള ആളുകൾ ചേർന്ന് കൊലപ്പെടുത്തിയത്. ഇതുമായി ബന്ധപ്പെട്ട് 4 പേരെ അറസ്റ്റ് ചെയ്തു. അവർ റിമാന്റിലാണ്. ബാക്കിയുള്ള മുഴുവൻ പ്രതികളേയും അറസ്റ്റ് ചെയ്യും. ഈ സംഭവത്തിന്റെ പേരിൽ നിയമം കയ്യിലെടുത്തുകൊണ്ട് അക്രമമുണ്ടായാൽ അവർക്കെതിരെയും നടപടി സ്വീകരിക്കും.

(അടിയന്തിര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

## ശ്രദ്ധ ക്ഷണിക്കൽ

### കർഷകത്തൊഴിലാളി പെൻഷൻ വാർദ്ധക്യകാല പെൻഷനുമായി ലയിപ്പിക്കുന്നതുമൂലം ഉളവാകുന്ന പ്രശ്നങ്ങൾ

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: കർഷകത്തൊഴിലാളി പെൻഷൻ വാർദ്ധക്യകാല പെൻഷനുമായി ലയിപ്പിച്ചുകൊണ്ട് ഉത്തരവ് ഇറക്കിയിരിക്കുന്നത് കേരളത്തിലെ കർഷക ത്തൊഴിലാളികളെ അത്യധികം ബുദ്ധിമുട്ടിലാക്കിയിരിക്കുന്നു. ഇതുമൂലം അർഹരായവർക്ക് പെൻഷൻ നിഷേധിക്കുന്ന സാഹചര്യമുണ്ടാകും. 1980–ലെ എൽ.ഡി.എഫ് ഗവൺമെന്റാണ് ഇൻഡ്യയുടെ ചരിത്രത്തിൽ ആദ്യമായി കേരളത്തിൽ കർഷകത്തൊഴിലാളി പെൻഷൻ അനുവദിച്ചത്. അതിനുശേഷം അധികാരത്തിൽ വന്ന ഗവൺമെന്റുകളും അത് തുടർന്ന് നൽകി ക്കൊണ്ടിരുന്നു. ഇപ്പോൾ 120 രൂപയാണ് കർഷകത്തൊഴിലാളി പെൻഷനായി ലഭിക്കുന്നത്. 60 വയസ് കഴിഞ്ഞവർക്കാണ് കർഷകത്തൊഴിലാളി പെൻഷൻ നൽകുന്നത്. വാർദ്ധക്യകാല പെൻഷൻ 65 വയസ്സിനു ശേഷമുള്ളവർക്കാണ് ലഭിക്കുന്നത്. സാമൂഹ്യക്ഷേമ വകുപ്പ് ഇറക്കി യിട്ടുള്ള ഉത്തരവനുസരിച്ച് കർഷകത്തൊഴിലാളി പെൻഷൻ വാർദ്ധക്യകാല പെൻഷനുമായി സംയോജിപ്പിച്ച് കേന്ദ്ര ഗവൺമെന്റ് പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്താനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. കർഷകത്തൊഴിലാളി യൂണിയനുകൾ ഉൾപ്പെടെ ആവശ്യപ്പെട്ടു കൊണ്ടിരിക്കുന്നത് പെൻഷൻ കിട്ടുന്നതിനുള്ള പ്രായപരിധി 55 വയസ്സ് ആക്കണമെന്നും പെൻഷൻ തുക 200 രൂപയായി വർദ്ധിപ്പിക്കണമെന്നുമാണ്. അതുകൊണ്ട് കർഷകത്തൊഴിലാളികൾക്ക് ഇന്ന് കിട്ടിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ തുടർന്നും കിട്ടാനുള്ള നടപടി സ്വീകരിക്കണം. ഇപ്പോൾ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്ന നിലപാട് പുനഃപരിശോധിക്കണം. കർഷകത്തൊഴിലാളി

പെൻഷൻ പ്രത്യേകമായി തന്നെ ലഭിക്കാനും ഓണത്തിനു മുമ്പ്തന്നെ അവർക്ക് കൊടുക്കാനുള്ള കുടിശ്ശിക കൊടുക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം.

<u>തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ)</u>: ഇവിടെ പ്രകടിപ്പിച്ച ആശങ്കക്ക് വകയില്ല. ഈ രണ്ട് പെൻഷനുകളും കൂടി സംയോജിപ്പിക്കുന്ന നിലയിൽ ഒരു ഉത്തരവ് ബന്ധപ്പെട്ട
ഒരു വകുപ്പിൽ നിന്നും ഇറക്കിയിട്ടില്ല. ഇപ്പോൾ 30-4-2001 വരെയുള്ള മുഴുവൻ കർഷക ത്തൊഴിലാളി പെൻഷനും നൽകികഴിഞ്ഞു. 14 മാസത്തെ കുടിശ്ശിക നൽകാനുണ്ട്. ഓണത്തിനുമുമ്പ് ഒരു ഗഡു കുടിശ്ശിക നൽകാൻ തീരുമാനമെടുത്തിട്ടുണ്ട്. 65 വയസ് കഴിഞ്ഞവർക്കാണ് വാർദ്ധക്യകാല പെൻഷൻ നൽകുന്നത്. കർഷകത്തൊഴിലാളികൾക്കു നൽകിക്കൊണ്ടിരിക്കുന്ന പെൻഷൻ തുടർന്നും നൽകുന്നതാണ്. വാർദ്ധക്യകാല പെൻഷന് കേന്ദ്ര ഗവൺമെന്റ് നൽകുന്ന 75 രൂപ കൂടി ഇതിൽ അഡ്ജസ്റ്റ് ചെയ്യാൻ കഴിയുമോ എന്ന പരിശോധന മാത്രമാണ് പ്ലാനിംഗ് ബോർഡ് നടത്തിയിട്ടുള്ളത്. അന്തിമമായ തീരുമാനം എടുത്തിട്ടില്ല. കർഷകത്തൊഴിലാളികൾക്ക് നൽകിക്കൊണ്ടിരിക്കുന്ന പെൻഷനെ യാതൊരു തരത്തിലും ബാധിക്കാത്ത തരത്തിലേ ഇക്കാര്യത്തിൽ ഒരു തീരുമാനം എടുക്കുകയുള്ളു.

(2) <u>എക്കോ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേക വിഭാഗം</u>

<u>ശ്രീ. അടൂർ പ്രകാശ്</u> : നമ്മുടെ സംസ്ഥാനത്ത് എക്കോ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി വനം വകുപ്പിന്റെ കീഴിൽ ഒരു പ്രത്യേക വിഭാഗം രൂപീകരിക്കണം. വനം മേഖലകളെ പ്രയോജനപ്പെടുത്തിക്കൊണ്ട് എക്കോ ടൂറിസം രംഗത്ത് നൂതനമായ വികസന പ്രവർത്തനങ്ങൾ നടത്തണം. വനം മേഖലയുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ എടുക്കേണ്ടത് വനം വകുപ്പാണെങ്കിലും വനം വകുപ്പും ടൂറിസം വകുപ്പുംകൂടി യോജിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ ഈ രംഗത്ത് നടപ്പാക്കുവാൻ ഇതുവരെയും കഴിഞ്ഞിട്ടില്ല. വിനോദസഞ്ചാരികളെ ഈ മേഖലയിലെത്തിക്കുവാനും സാംപത്തികരംഗത്തെ പരാധീനതകൾക്ക് പരിഹാരം കാണുന്നതിനും എക്കോ ടൂറിസം രംഗത്ത് പ്രവർത്തിക്കുവാൻ വനം വകുപ്പിൽ തന്നെ ഒരു പുതിയ വിംഗിന് രൂപം നല്കണം. വനം മേഖലയുമായി ബന്ധപ്പെട്ട പ്രകൃതിരമണീയമായ എക്കോ ടൂറിസം റിസോഴ്സസ് പ്രയോജനപ്പെടുത്താൻ സാധിക്കണം. കോന്നി കേന്ദ്രീകരിച്ച് ഒരു എക്കോ ടൂറിസം പ്രോജക്ട് സമർപ്പിച്ചിട്ടുണ്ട്, അത് അംഗീകരിച്ച് നടപ്പിലാക്കണം.

വനവും സ്പോർട്ട്സും വകുപ്പുമന്ത്രി <u>(ശ്രീ. കെ. സുധാകരൻ)</u> : കേരളത്തിൽ എക്കോ ടൂറിസം രംഗത്ത് ക്രിയാത്മകമായ ഒരു പ്രവർത്തനവും ഡിപ്പാർട്ടുമെന്റ് തലത്തിലുണ്ടാക്കാൻ സംസ്ഥാന സർക്കാരിന് ഇതുവരെ സാധിച്ചിട്ടില്ല. ടൂറിസം വകുപ്പും ഫോറസ്റ്റ് വകുപ്പും പരസ്പരം ചർച്ചകൾ നടത്തി ഈ രംഗത്ത് വളരെ കാതലായ നടപടികൾ കൈക്കൊള്ളാൻ തീരുമാനിച്ചിട്ടുണ്ട്. പുതിയൊരു കൺസെപ്റ്റ് ഈ രംഗത്ത് കൊണ്ടുവരാൻ ഗവൺമെന്റ് ആലോചിക്കുന്നു. ഗവൺമെന്റിന്റെ നിയന്ത്രണത്തിൽ സ്വകാര്യമേഖലയുടെയും ലോക്കൽ കമ്മ്യൂണിറ്റിയുടെയും പങ്കാളിത്തത്തോടെ വനത്തിന്റെ ആവാസവ്യവസ്ഥക്ക് പോറലേല്ക്കാതെയുള്ള ഒരു പദ്ധതിക്കാണ് രൂപം നല്കുന്നത്. വനത്തിന് അകത്താണെങ്കിൽ വി.എസ്.എസു.

മായും പുറത്താണെങ്കിൽ എക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റി മുഖാന്തിരവുമുള്ള പ്രവർത്തനത്തിന് ഒരു കൺസർവേറ്ററുടെ നേതൃത്വത്തിൽ 57 സ്ഥലങ്ങൾ ഐഡന്റിഫൈ ചെയ്തിട്ടുണ്ട്. ഗ്രാമീണ ജനതയ്ക്ക് ഇതിൽ വലിയ പങ്കുണ്ട്. ഇന്റർനാഷണൽ ഇയർ ഓഫ് എക്കോ ടൂറിസം – 2002 – ന്റെ ഭാഗമായി വനം വകുപ്പും ഫോറസ്റ്റ് വകുപ്പും സംയുക്തമായി ആലോചിച്ച് 10 പൈലറ്റ്
പ്രോജക്ടുകൾ ഐഡന്റിഫൈ ചെയ്തിട്ടുണ്ട്. വൈൽഡ് ലൈഫ് സാങ്ചറി, നാഷണൽ പാർക്ക് എന്നിവിടങ്ങളിലെ എക്കോ ടൂറിസത്തിന്റെ അനന്തമായ സാദ്ധ്യത കണക്കിലെടുത്ത് വനം വകുപ്പും ടൂറിസം വകുപ്പും സംയുക്തമായി തീരുമാനം എടുത്തതിന്റെ അടിസ്ഥാനത്തിൽ ടൂറിസം വകുപ്പ് ഒരു കൺസൾട്ടൻസിക്ക് അപേക്ഷ ക്ഷണിച്ചതുപ്രകാരം പന്ത്രണ്ട് അപേക്ഷകൾ ലഭിച്ചു. ഫോറസ്റ്റ് ഡെപ്യൂട്ടി കൺസർവേറ്ററുടെ ഒരു പോസ്റ്റ് അപ്ഗ്രേഡ് ചെയ്ത് എക്കോ ടൂറിസം കൺസർവേറ്റർ ആക്കാനുള്ള നിർദ്ദേശം ഫൈനാൻസ് വകുപ്പിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഒരു പ്രത്യേക വിംഗ് രൂപീകരിക്കുന്ന കാര്യം ഫോറസ്റ്റ് വകുപ്പും ടൂറിസം വകുപ്പും സംയുക്തമായി ആലോചിക്കുന്നതാണ്. കോന്നി കേന്ദ്രമായി തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള രണ്ടു കോടി രൂപയുടെ ഒരു പ്രോജക്ട് റിപ്പോർട്ട് സെൻട്രൽ ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ഇത് അംഗീകരിച്ച് നടപ്പാക്കുന്നതിനായി വനം വകുപ്പ് മുൻകയ്യെടുക്കുന്നതാണ്.

## സബ്മിഷൻ

(1) <u>ചേർപ്പ് ഗവൺമെന്റ് ആശുപത്രിയിൽ കൂടുതൽ ചികിൽസാസൗകര്യങ്ങൾ ഏർപ്പെടുത്തണമെന്ന ആവശ്യം</u>

<u>ശ്രീ. കെ. പി. രാജേന്ദ്രൻ</u>: ചേർപ്പ് ഗവൺമെന്റ് ആശുപത്രിയെ താലൂക്കാശുപത്രിയായി ഉയർത്തി വിദഗ്ദ്ധ ഡോക്ടർമാരെ നിയമിക്കുകയും സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യണം.

ആരോഗ്യവകുപ്പുമന്ത്രി <u>(ശ്രീ. പി. ശങ്കരൻ)</u>: ശരാശരി 132 പേർ ഒ.പി.യിലും 62 പേർ ഐ.പി.യിലും ചികിൽസയ്ക്കെത്തുന്നതും സാധാരണ പരിശോധനാസൗകര്യങ്ങളും 4 ഡോക്ടർമാരുടെ സേവനവും ലഭ്യമായിട്ടുള്ള ചേർപ്പ് സാമൂഹ്യാരോഗ്യകേന്ദ്രത്തിൽ നിലവിൽ 82 കിടക്കകളാണുള്ളത്. നൂറോ അതിലധികമോ കിടക്കകളുള്ള ആശുപത്രികളിൽ മാത്രമേ സ്പെഷ്യാലിറ്റി യൂണിറ്റ് അനുവദിക്കാൻ വ്യവസ്ഥയുള്ളൂ. തൃശൂർ താലൂക്കിൽ ഒരു താലൂക്കാശുപത്രിയും ഒരു മെഡിക്കൽ കോളേജ് ആശുപത്രിയും നിലവിലുള്ളതിനാൽ ചേർപ്പ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്കാശുപത്രിയായി ഉയർത്തുന്നതിനു തൽക്കാലം നിവൃത്തിയില്ല.

(2) <u>ദ്വാരക ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി താലൂക്കാശുപത്രിയാക്കുന്നത്</u>

സംബന്ധിച്ച്

ശ്രീമതി രാധാ രാഘവൻ: വയനാട് ജില്ലയിലെ എടവക പഞ്ചായത്തിലെ ദ്വാരക ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറിയെ താലൂക്കാശുപത്രിയായി ഉയർത്തണം.

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) കെട്ടിടങ്ങളും മറ്റു ഭൗതിക സൗകര്യങ്ങളും സൗജന്യമായി ആരോഗ്യവകുപ്പിന് ലഭ്യമാക്കിയാൽ ദ്വാരക ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറിയെ താലൂക്കാശുപത്രിയായി ഉയർത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

(3) മൽസ്യത്തൊഴിലാളികൾ പണയപ്പെടുത്തിയിട്ടുള്ള പട്ടയം തിരിച്ചുനൽകുന്നതും പുതുതായി പട്ടയം നൽകുന്നതും സംബന്ധിച്ച്

ഡോ. തോമസ് ഐസക്: മൽസ്യത്തൊഴിലാളികൾ ഭവനവായ്പയ്ക്കുവേണ്ടി സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ പണയപ്പെടുത്തിയിട്ടുള്ള പട്ടയങ്ങൾ തിരിച്ചുനൽകുന്നതിനും ഭൂമി യുള്ളവർക്ക് കൈവശരേഖയും സി.ആർ.ഇസഡിനു പുറത്തുള്ളവർക്ക് പട്ടയവും നൽകുന്നതിനു നടപടി സ്വീകരിക്കണം.

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കെ.വി. തോമസ്): സി.ആർ ഇസഡ്. –ന് പുറത്തുള്ളവർക്ക് പട്ടയം കൊടുക്കുന്നത് ത്വരിതപ്പെടുത്താമെന്നും സി.ആർ.ഇസഡ്.–ന് അകത്തുള്ളവർക്ക് കൈവശരേഖ നൽകാമെന്നും റവന്യൂവകുപ്പുമന്ത്രി സമ്മതിച്ചിട്ടുണ്ട്. ഇപ്പോൾ ഭവനനിർമ്മാണത്തിന് ഫിഷറീസ് ഡിപ്പാർട്ടുമെന്റ് 40000 രൂപ മുഴുവൻ ഗ്രാന്റായി കൊടുക്കുന്നു. അതിന് പട്ടയം ആവശ്യമില്ല. പഴയ സ്കീം പ്രകാരം ഭവനനിർമ്മാണ വായ്പ എടുത്തവരെ പുതിയ സ്കീമിൽ ഉൾപ്പെടുത്താൻ കഴിയുമോയെന്ന കാര്യം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി ഗൗരവമായി പരിശോധിക്കുന്നതാണ്.

(4) ജനകീയാസൂത്രണ പദ്ധതി പ്രകാരം നടത്തിയ പ്രവൃത്തികളിലെ ക്രമക്കേടുകൾ

ശ്രീ. ജി. പ്രതാപവർമ്മതമ്പാൻ: ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പൂതക്കുളം ഗ്രാമപഞ്ചായത്തിൽ ജനകീയാസൂത്രണ പദ്ധതി പ്രകാരം പൊഴിക്കര പ്രൈമറി ഹെൽത്ത് സെന്റർ പണിതതിലും ബ്ലോക്ക് പഞ്ചായത്ത് മാർക്കറ്റ് നിർമ്മിച്ചതിലും കുഴൽക്കിണർ കുഴിച്ചതിലും സോഡിയം വേപ്പർ ലാമ്പു വാങ്ങിച്ചതിലും നടന്നിട്ടുള്ള ക്രമക്കേടുകളെക്കുറിച്ചു വിജിലൻസ് അന്വേഷണം നടത്തണം.

തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള): പൂതക്കുളം ഗ്രാമ പഞ്ചായത്തിൽ ജനകീയാസൂത്രണ പദ്ധതിപ്രകാരം നടപ്പിലാക്കിയ വിവിധ പദ്ധതികളിലെ ക്രമക്കേടുകളെക്കുറിച്ച് പ്രസ്തുത പഞ്ചായത്തിന്റെ പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൻമേൽ പഞ്ചായത്തിൽ നിന്നും വിശദീകരണം

വാങ്ങിയശേഷം സംസ്ഥാന പെർഫോമൻസ് ഓഡിറ്റ് ഓഫീസർ പരിശോധിക്കുന്നതും അത് 2001–02–ലെ വാർഷിക പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ടിൽ പ്രസിദ്ധീകരിക്കുന്നതും ക്രമക്കേടുകൾക്ക് ഉത്തരവാദികളായവരുടെ പേരിൽ കർശനനടപടികൾ സ്വീകരിക്കുന്നതുമാണ്. പൊഴിക്കര പ്രൈമറി ഹെൽത്ത് സെന്റർ നിർമ്മാണത്തിലെ അപാകതകളെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് നൽകുന്നതിന് എൽ.ബി.എസ്. സെന്ററിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് കിട്ടിയശേഷം നടപടി സ്വീകരിക്കുന്നതാണ്.

(5) <u>കൺസഷൻ ടിക്കറ്റ് ഉപയോഗിക്കുന്ന വിദ്യാർത്ഥികളുടെ യാത്രാദുരിതങ്ങൾ</u>

<u>ശ്രീ. എ.പി. അനിൽകുമാർ:</u> കെ.എസ്.ആർ.ടി.സി. ബസുകളിലെയും സ്വകാര്യ ബസ്സുകളിലെയും ജീവനക്കാർ കൺസഷൻ ടിക്കറ്റ് ഉപയോഗിക്കുന്ന വിദ്യാർത്ഥികളോട് ക്രൂരമായാണ് പെരുമാറുന്നത്. ബസ്സുകൾ സ്റ്റോപ്പുകളിൽ നിർത്താതിരിക്കുകയും നിർത്തുന്ന ബസ്സുകളിൽ തന്നെ വിദ്യാർത്ഥികളെ കയറ്റാതിരിക്കുകയും ചെയ്യുന്നു. മലബാർ ഭാഗത്തെ പ്രൈവറ്റ് മിനി ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് കൺസഷൻ അനുവദിക്കുന്നില്ല. കെ.എസ്.ആർ.ടി.സി.യിൽ കൺസഷൻ നൽകുന്നതിന് നിശ്ചയിച്ചിരിക്കുന്ന 45 കിലോമീറ്റർ ദൂരപരിധിയും വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു. ഈ പ്രശ്നങ്ങൾക്ക് സത്വര പരിഹാരമുണ്ടാക്കണം

ഗതാഗതവകുപ്പുമന്ത്രി (<u>ശ്രീ. കെ.ബി. ഗണേഷ് കുമാർ</u>): ദേശസാൽകൃത-സ്വകാര്യ ബസ് സർവ്വീസ് മേഖലകളിൽ ഓർഡിനറി ബസ് ചാർജിന്റെ 25% വും 40 കിലോമീറ്റർ ദൂരംവരെയും ടിക്കറ്റ് ചാർജിൽ വിദ്യാർത്ഥികൾക്ക് കൺസഷൻ അനുവദിക്കുന്നുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൂടുതലുള്ള സ്ഥലങ്ങളിലേയ്ക്ക് സ്റ്റുഡന്റ്സ് ഒൺലി ബസ് സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. നടത്തുന്നുണ്ട്. കഴിഞ്ഞ വർഷം നൽകിയതുപോലെ കൺസഷൻ കാർഡുകൾ കൊടുക്കുവാൻ കെ.എസ്.ആർ.ടി.സി യുടെ എല്ലാ യൂണിറ്റുകൾക്കും നിർദ്ദേശം കൊടുത്തിട്ടുണ്ട്. മിനിമം ചാർജ്ജ് രണ്ടു രൂപ എന്ന് ബോർഡ്വച്ചു ഓടുകയും വിദ്യാർത്ഥികൾക്ക് കൺസഷൻ നിഷേധിക്കുകയും ചെയ്യുന്ന സ്വകാര്യ ബസുകളുടെ പെർമിറ്റ് റദ്ദാക്കാനും ബസ് സ്റ്റോപ്പുകളിൽ കൊച്ചു കുട്ടികളെപോലും മാറ്റി നിർത്തുന്ന സമീപനമെടുക്കുന്നത് പരിഹരിക്കാനും ആർ.ടി.ഒ. മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(6) <u>കണ്ണൂർ ജില്ലയിലെ പൂക്കുണ്ട് കോളനിയിലുണ്ടായ ഉരുൾപൊട്ടൽ</u>

<u>പ്രൊഫ. എ.ഡി. മുസ്തഫ:</u> കണ്ണൂർ ജില്ലയിലെ കേളകം അയ്യംകുന്ന്, ആറളം തുടങ്ങിയ പഞ്ചായത്തുകളിലും പൂക്കുണ്ട് കോളനിയിലും ഉണ്ടായ ഉരുൾപൊട്ടൽ മൂലം വൻ തോതിൽ കൃഷി നാശം സംഭവിക്കുകയും നിരവധി വീടുകൾ നഷ്ടപ്പെടുകയും ഏഴ് റോഡുകളും ആറ് തൂക്ക് പാലങ്ങളും തകരുകയും ചെയ്തു. 97 ആളുകളെ ചെട്ടിയാംപറമ്പ് സ്കൂളിലേക്ക് മാറ്റിപ്പാർപ്പിച്ചിരിക്കുകയാണ്. മൊത്തം രണ്ടു കോടി രൂപയുടെ നാശനഷ്ടമുണ്ടായിട്ടുണ്ട്. അർഹതപ്പെട്ടവർക്കെല്ലാം നഷ്ടപരിഹാരം നൽകുന്നതോടൊപ്പം രക്ഷാപ്രവർത്തനവേളയിൽ മരണപ്പെട്ട ബാബുതോമസ് എന്ന ധീരനായ യുവാവിന്റെ കുടുംബത്തിന് ധനസഹായം ലഭ്യമാക്കണമെന്നും അഭ്യർത്ഥിക്കുന്നു.

റവന്യൂവും നിയമവും വകുപ്പു മന്ത്രി (ശ്രീ. കെ.എം. മാണി): 12.7.2002–ൽ കണ്ണൂർ ജില്ലയിലുണ്ടായ ഉരുൾപൊട്ടലിനെത്തുടർന്ന് പോലീസ് ഫയർഫോഴ്സ് ജനപ്രതിനിധികൾ സന്നദ്ധപ്രവർത്തകർ, റവന്യൂ ഉദ്യോഗസ്ഥർ തുടങ്ങിയവരുടെ സഹായത്തോടെ ഊർജ്ജിതമായ രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ജലവിതാനം താഴ്ന്ന് തുടങ്ങിയതിനാൽ ചെട്ടിയാംപറമ്പ് യു.പി. സ്കൂളിലേക്ക് മാറ്റിപ്പാർപ്പിക്കപ്പെട്ടിരിക്കുന്ന 97 ആളുകളിൽ 60 പേർ ഇന്ന് പ്രസ്തുത ക്യാമ്പ് വിടുന്നതാണ്. വീടു നഷ്ടപ്പെട്ട 19 പേർക്ക് 25000 രൂപാ വീതവും ഭാഗികമായി നഷ്ടപ്പെട്ടവർക്ക് 5000 രൂപാ വീതവും നഷ്ടപരിഹാരം നൽകാനും രക്ഷാപ്രവർത്തനവേളയിൽ മരണപ്പെട്ട ബാബുതോമസിന്റെ കുടുംബത്തിന് 50000 രൂപ ധനസഹായം ലഭ്യമാക്കാനും തീരുമാനിച്ചിട്ടുണ്ട്. ആ യുവാവിന്റെ വീരോചിതമായ പ്രവർത്തനം മുൻനിർത്തി അദ്ദേഹത്തിന്റെ കുടുബത്തിന് കൂടുതൽ ധനസഹായം ലഭ്യമാക്കുന്ന കാര്യം ആലോചിക്കുന്നതാണ്. കൃഷി നാശം സംഭവിച്ചതിന്റെ റിപ്പോർട്ട് കിട്ടിയാലുടൻ ധനസഹായം ലഭ്യമാക്കുന്നതാണ്.

## മേശപ്പുറത്ത് വച്ച കടലാസുകൾ

മതികെട്ടാൻമല കയ്യേറ്റം സംബന്ധിച്ച് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. എൻ ചന്ദ്രശേഖരൻനായർ സമർപ്പിച്ച റിപ്പോർട്ട് മേശപ്പുറത്ത് വച്ചു.

## ധനകാര്യം

### 2002–2003 സാമ്പത്തികവർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും.

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി (പ്രൊഫ. കെ.വി. തോമസ്): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതിരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXIII മൽസ്യബന്ധനം
(53,20,73,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XLII വിനോദസഞ്ചാരം
(60,13,58,000 രൂപ)

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം.കെ. മുനീർ): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതിരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XV പൊതുമരാമത്ത്
(4,83,57,35,000 രൂപ)

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ.ആർ ഗൗരിയമ്മ): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി ((ശ്രീ. കെ. ശങ്കരനാരായണൻ): പൊതുമരാമത്ത് എന്ന XV ധനാഭ്യർത്ഥനയേയും മൽസ്യബന്ധനം എന്ന XXXIII ധനാഭ്യർത്ഥനയേയും
വിനോദസഞ്ചാരം എന്ന എന്ന XLII ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236 (3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തു വയ്ക്കുന്നു.

സർവ്വശ്രീ കെ.പി. രാജേന്ദ്രൻ, ബിനോയ് വിശ്വം, എൻ.രാജൻ, എം.കുമാരൻ, പി.നാരായണൻ, മഞ്ഞളാംകുഴി അലി, സാജു പോൾ, കെ.പി. മോഹനൻ, ടി.പി. രാമകൃഷ്ണൻ, പിരപ്പൻകോട് മുരളി, മത്തായി ചാക്കോ, കെ.കെ. ജയച്ചന്ദ്രൻ, വി. ചെന്താമരാക്ഷൻ, എം.വി.
ജയരാജൻ, എം.വി. ഗോവിന്ദൻ മാസ്റ്റർ, ടി.കെ. ദേവകുമാർ, വി.കെ.ചന്ദ്രൻ, എ.കെ.ബാലൻ, കോടിയേരി ബാലകൃഷ്ണൻ എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

മി.സ്പീക്കർ: ശ്രീ. എ.കെ. ബാലൻ ഇവിടെ ഒരു ആരോപണത്തെക്കുറിച്ച് എഴുതി ത്തന്നിട്ടുണ്ട്. ഇത് നിയമസഭാ നടപടിച്ചട്ടങ്ങളിലെ റൂൾ 284(i) അനുസരിച്ച് ഓർഡറിലല്ല.

ശ്രീ. എ.കെ. ബാലൻ: ഞാൻ എഴുതിത്തന്ന ആരോപണം സഭയിൽ ഉന്നയിക്കുന്നതിന് അങ്ങയുടെ ദയവ് ഉണ്ടാകണം. ഇതുപോലുള്ള ആരോപണങ്ങൾ സഭയിൽ മുമ്പ് ഉന്നയിച്ചിട്ടുള്ള കീഴ്വഴക്കമുണ്ട്.

Mr.Speaker: It is not a question of mercy. The Members have been given rights under the rules and certain restrictions are also there.

ശ്രീ. എ.കെ. ബാലൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സമൂഹത്തിന്റെ സമഗ്ര വികസനവുമായി ബന്ധപ്പെട്ട് നിർണ്ണായക പങ്കാണ് വിനോദസഞ്ചാര മേഖലയ്ക്കുള്ളത്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന് ഈ മേഖലയിൽ വമ്പിച്ച പുരോഗതി ഉണ്ടാക്കാൻ കഴിഞ്ഞു. ഒരു വർഷം നാലായിരം കോടി രൂപയുടെ ടേണോവർ നേടിത്തരുന്ന സുപ്രധാന മേഖലയാണിത്. എക്കോ-ടൂറിസം പദ്ധതി കേരളത്തിൽ വളരെ വിജയകരമായി നടപ്പിലാക്കാൻ കഴിയും. തെന്മലയിലെ എക്കോ-ടൂറിസം പദ്ധതിക്ക് കൂടുതൽ തുക അനുവദിക്കണം. ഈ ഗവൺമെന്റിന്റെ ടൂറിസം നയത്തിൽ കാതലായ മാറ്റം വരുത്തണം. കൊച്ചിയിൽ മഴനൃത്തംപോലുള്ള പരിപാടികൾ അരങ്ങേറിയത് സാംസ്ക്കാരിക കേരളത്തിന് അപമാനമാണ്. ടൂറിസത്തിന്റെ മറവിൽ കള്ളക്കടത്തുകാർക്കും വിദേശ കുത്തകകൾക്കും കേരളത്തിൽ താവളമൊരുക്കിക്കൊടുക്കാനാണ് ഈ ഗവൺമെന്റ് ശ്രമിക്കുന്നത്. വിനോദ സഞ്ചാര വകുപ്പു മന്ത്രിയുടെ ക്രഡിബിലിറ്റിയെ സംബന്ധിച്ച് യുത്ത് കോൺഗ്രസ് (ഐ) യുടെ പ്രവർത്തകൻതന്നെ കേസ് ഫയൽ ചെയ്തിരിക്കുന്നു. അദ്ദേഹത്തിന്റെ പൊതുജീവിതം സംശുദ്ധമാണോയെന്നത് അദ്ദേഹം തന്നെയാണ് തെളിയിക്കേണ്ടത്. കേരളത്തിന്റെ വികസനത്തിന്റെ നിർണ്ണായക ഘടകമായ

ടൂറിസത്തിന് ആവശ്യമായ തുക ബഡ്ജറ്റിൽ നീക്കിവയ്ക്കണം. ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് വൈവിധ്യമാർന്ന സ്കീമുകൾ ഉണ്ടാകണം. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് രൂപം കൊടുത്ത എക്കോ ടൂറിസം പദ്ധതി വികസിപ്പിച്ചാൽ തദ്ദേശീയരുടെ തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണാനും സംസ്ഥാനത്തിന്റെ സാമ്പത്തികത്തകർച്ചയ്ക്ക് ഒരു പരിധിവരെ അറുതിവരുത്താനും കഴിയും. സെക്സ് ടൂറിസം പ്രോൽസാഹിപ്പിക്കുന്ന നടപടി ഗവൺമെന്റ് ഉപേക്ഷിക്കണം. ഇൻഫ്രാസ്ട്രക്ച്ചർ മേഖല എന്ന നിലയ്ക്ക് റോഡുകളുടേയും പാലങ്ങളുടേയും നിർമ്മാണപ്രവർത്തനങ്ങൾക്കും മറ്റും കഴിഞ്ഞ ഗവൺമെന്റ് പ്രാധാന്യം നൽകിയെങ്കിൽ ഈ ഗവൺമെന്റ് ബഡ്ജറ്റിൽ നീക്കിവയ്ക്കുന്ന തുകപോലും ചെലവഴിക്കുന്നില്ലെന്നുള്ളത് ഖേദകരമാണ്. ബഡ്ജറ്റ് വിഹിതം പൂർണ്ണമായി ചെലവഴിക്കാൻ അതാത് ഡിപ്പാർട്ടുമെന്റിന് പൂർണ്ണ അധികാരം നൽകിയില്ലെങ്കിൽ ഈ തുക വിനിയോഗിക്കാൻ കഴിയാത്ത അവസ്ഥയുണ്ടാകും. ആയതിനാൽ അതിനുള്ള അധികാരം നൽകണം. പണി പൂർത്തീകരിക്കുമ്പോൾ എസ്റ്റിമേറ്റ് തുക അധികരിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്ത് കോൺട്രാക്ടർമാർ ചെലവഴിച്ച പണം ലഭ്യമാകുന്നതിന് നടപടി സ്വീകരിക്കണം. എസ്റ്റിമേറ്റ് തുകയുടെ 20 ശതമാനം ബഡ്ജറ്റിലുണ്ടായാൽ പണി ആരംഭിക്കാമെന്നുള്ള അശാസ്ത്രീയമായ വ്യവസ്ഥയിൽ മാറ്റം വരുത്തണം. ഗ്യാരന്റി പീരീഡിനുള്ളിൽ തകർന്നുപോകുന്ന വർക്കുകൾക്ക് പുനർനിർമ്മാണത്തിനാവശ്യമായ തുക തിട്ടപ്പെടുത്തി വകുപ്പുദ്യോഗസ്ഥൻമാരിൽനിന്നും ഈടാക്കണം. മാത്രമല്ല, കോൺട്രാക്ടർമാർ പണി പൂർത്തീകരിക്കാത്ത സന്ദർഭത്തിൽ റിസ്ക് ആന്റ് കോസ്റ്റിൽ കോൺട്രാക്ടർമാരിൽനിന്നും കർശനമായി തുക ഈടാക്കണം. റോഡ് ടാർ ചെയ്യുന്നതിന് മതിയായ മെറ്റൽ ഇടണം. റോഡുകളുടെ ഉപരിതലത്തിൽ 20 എം.എം. ഘനത്തിലുള്ള ചിപ്പിംഗ് കാർപെറ്റിനുപകരം 40 എം.എം. ആക്കണം. സ്റ്റേറ്റ് ഹൈവേയിൽ ഇത് നിർബന്ധമാക്കണം. റബ്ബറൈസ്ഡ് ബിറ്റുമെൻ ഉപയോഗിച്ച് റോഡ് സഞ്ചാരയോഗ്യമാക്കണം. പാലങ്ങളുടെ നിർമ്മാണത്തിന് ഉപയോഗിക്കുന്ന സാധന സാമഗ്രികളുടെ ഗുണമേന്മ ഉറപ്പുവരുത്തണം. അതിന് നിലവിലുള്ള സംവിധാന ത്തിനുപുറമെ പ്രത്യേകമായി ക്വാളിറ്റി കൺട്രോൾ വിഭാഗം ഏർപ്പെടുത്തണം. ട്രാഫിക് ഇന്റൻസിറ്റി കൂടിയ റോഡുകൾ, വീതി കൂട്ടേണ്ട റോഡുകൾ, അപ്ഗ്രേഡ് ചെയ്യേണ്ടവ എന്നിവ കണ്ടെത്തി വിശദമായ പഠനം നടത്താൻ കഴിയണം. ലാന്റ് അക്വിസിഷനുള്ള കാലതാമസം ഒഴിവാക്കാൻ ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥനെ നിയമിച്ചുകൊണ്ട് സിംഗിൾ പോയിന്റിൽ അംഗീകാരം കൊടുക്കാൻ നടപടി സ്വീകരിക്കണം. പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട കെട്ടിടങ്ങളുടെ പരിതാപകരമായ അവസ്ഥ പരിഹരിക്കുന്നതിന് ബഡ്ജറ്റ് വിഹിതം തന്നാണ്ടിൽത്തന്നെ ചെലവഴിക്കാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. വർക്കല കഹാർ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു .കഴിഞ്ഞ ഇടതുപക്ഷ മുന്നണി ഭരണകാലത്ത് അത്ഭുതകരമായ കാര്യങ്ങൾ ടൂറിസം രംഗത്ത് ചെയ്തിട്ടുണ്ടെന്ന് അവകാശപ്പെടുന്നുണ്ടെങ്കിലും യാതൊന്നും ഈ രംഗത്ത് ചെയ്തിട്ടില്ല . ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാതൃകാപരമായ പല കാര്യങ്ങളും നടക്കുന്നുണ്ട് . കേരളം ടൂറിസം രംഗത്ത് ഒരു ഡെസ്റ്റിനേഷനായി മാറിക്കൊണ്ടിരിക്കുന്നു . വരുന്ന 25 വർഷം ടൂറിസം

വികസനം ലക്ഷ്യമാക്കി 'ടൂറിസം ദർശനം-2025' എന്ന പുസ്തകം കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. വിനോദസഞ്ചാര വികസനത്തിന് ബഡ്ജറ്റുവിഹിതം ഉയർത്തി. കായൽ പ്പരപ്പുകളുടെ വികസനം കാര്യക്ഷമമാക്കുന്നതിനും ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനും ഒരു മാസ്റ്റർ പ്ളാൻ തയ്യാറാക്കി. തിരുവനന്തപുരം മുതൽ കാസർകോടുവരെയുള്ള ജലപാതയുടെ വികസനം ഘട്ടംഘട്ടമായി പൂർത്തീകരിക്കും. ടൂറിസ്റ്റുകേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് നബാർഡ് 50 കോടിരൂപയും സംസ്ഥാന സർക്കാർ 325 കോടിരൂപയും നൽകിയിട്ടുണ്ട് . വിദേശ ടൂറിസ്റ്റുകൾ വരുന്നതു മുതൽ പോകുന്നതുവരെയുള്ള സുരക്ഷിതത്വവും പരിചരണവും ഉറപ്പുവരുത്തണം. ഇതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന ആക്ഷേപങ്ങൾ ഒഴിവാക്കണം . ഈ മേഖലയിലെ ടാക്സി ഡ്രൈവർമാർ ഉൾപ്പെടെയുള്ളവർക്ക് ട്രെയിനിംഗ് നൽകുകയും ഐഡന്റിറ്റി ഏർപ്പെടുത്തുകയും വേണം. ടൂറിസം മേഖലയുടെ ക്വാളിറ്റി വർദ്ധിപ്പിക്കുന്നതിന് വിവിധ വകുപ്പുകളുടെ പ്രവർത്തനം സംയോജിപ്പിക്കണം . കേരളത്തിലെ ബീച്ചുകളും ഹാർബറുകളും ലിങ്ക് ചെയ്തുകൊണ്ട് കടൽവഴിയും കായൽവഴിയും യാത്ര ചെയ്യുന്നതിനാവശ്യമായ ബാർജ്ജുകളും മറ്റു സൗകര്യങ്ങളുമേർപ്പെടുത്തണം . അഡ്വഞ്ചർ ടൂറിസം വികസിപ്പിക്കണം . പി.ഡബ്ളിയു.ഡി. യിലെ പ്രവർത്തനങ്ങൾ പ്രാഗത്ഭ്യത്തോടെ കൈകാര്യം ചെയ്യുന്ന മന്ത്രിയെ അഭിനന്ദിക്കുന്നു.

<u>ശ്രീ എം. കുമാരൻ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു . മുൻ ഗവൺമെന്റിന്റെ കാലത്ത് വിനോദസഞ്ചാരവകുപ്പുമന്ത്രി ഒരു വിദേശയാത്രപോലും നടത്തിയിട്ടില്ല . കഴിഞ്ഞ ഒരു വർഷ ത്തിനിടയിൽ ടൂറിസം വകുപ്പുമന്ത്രിയും കെ.ടി.ഡി.സി. ചെയർപേഴ്സനുമടക്കം അനേകംപേർ വിദേശപര്യടനം നടത്തി. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ കാലത്താണ് ടൂറിസം മേഖലയിൽ അന്തർദ്ദേശീയ അംഗീകാരം നേടാൻ കഴിഞ്ഞത്. പാവപ്പെട്ടവർക്ക് പെൻഷൻ കൊടുക്കാൻ കാശില്ലാതെ വിഷമിക്കുന്ന സന്ദർഭത്തിലാണ് മന്ത്രി വിദേശ യാത്ര നടത്തിയത്. വിനോദസഞ്ചാര വകുപ്പുമന്ത്രി വിജിലൻസ് കേസ്സിനെ അഭിമുഖീകരിക്കുന്ന സാഹചര്യത്തിൽ മുഖ്യമന്ത്രി അതിനെക്കുറിച്ച് മൗനം പാലിക്കുകയാണ്. രാമനിലയവും ബോൾഗാട്ടി പാലസും താജ് ഗ്രൂപ്പിന് കൈമാറാൻ പോകുന്നത് എന്തടിസ്ഥാനത്തിലാണെന്ന് സംസ്ഥാനത്തിലെ ജനങ്ങൾക്ക് അറിയാൻ ആഗ്രഹമുണ്ട്. മത്സ്യസംപത്ത് നമ്മുടെ രാജ്യത്തിന്റെ സംപദ്ഘടനയിൽ പ്രധാനപ്പെട്ട ഒരു പങ്ക് വഹിക്കുന്നുണ്ട്. മത്സ്യബന്ധന മേഖലയിലെ തൊഴിലാളികൾക്ക് വേണ്ടത്ര സംരക്ഷണം നൽകാൻ കഴിയുന്നില്ല. അവരുടെ ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട് ധാരാളം അപേക്ഷകൾ കെട്ടിക്കിടക്കുന്നുണ്ട്. അവരുടെ പുനരധിവാസത്തിന് കൊടുക്കേണ്ട കാശ് കൊടുക്കുന്നില്ല. മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവർ അപകടത്തിൽ മരിക്കുകയാണെങ്കിൽ അവർക്കുള്ള ഇൻഷ്വറൻസ് തുക കൊടുക്കാൻ കഴിയുന്നില്ല. തീരപ്രദേശങ്ങളിലെ മത്സ്യബന്ധനത്തൊഴിലാളികൾക്ക് സൗജന്യ റേഷനും അവരുടെ മക്കൾക്കുള്ള വിദ്യാഭ്യാസാനുകൂല്യവും കൊടുക്കാൻ നടപടി സ്വീകരിക്കണം. മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവർക്ക് സംരക്ഷണ ബോട്ടുകൾ കൊടുക്കുമെന്ന് പറഞ്ഞെങ്കിലും കാസർകോഡ് ജില്ല.യിൽ ഇതുവരെ കൊടുത്തിട്ടില്ല. അത്

കൊടുക്കാൻ നടപടി സ്വീകരിക്കണം. മരാമത്ത് വകുപ്പ് കോൺട്രാക്ടർമാർക്ക് കൊടുക്കാനുള്ള കാശ് കൊടുക്കുന്നില്ല. മരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തണം.

<u>ശ്രീ. കെ.എൻ.എ. ഖാദർ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഭാവനാസമ്പന്നവും നിശ്ചയദാർഢ്യത്തോടെയുമുള്ള പ്രവർത്തനങ്ങളാണ് മരാമത്ത് വകുപ്പിൽ നടന്നുവരുന്നത്. പൊതുമരാമത്ത് വകുപ്പിന്റെ പേര് ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെന്റ് ഡിപ്പാർട്ടുമെന്റ് എന്നാക്കണം. പശ്ചാത്തല വികസനമാണ് പൊതുമരാമത്ത് വകുപ്പ് നടത്തി വരുന്നത്. ആ രംഗത്ത് എത്ര കോടി രൂപ മുടക്കിയാലും നഷ്ടമായിത്തീരുകയില്ല. കാസർകോഡ് തിരുവനന്തപുരം എക്സ്പ്രസ് ഹൈവേയുടെ സർവെ നടത്തുംപോൾ ജോഗ്രഫിക് ഇൻഫർമേഷൻ സിസ്റ്റം പ്രയോജനപ്പെടുത്താനുള്ള തീരുമാനം സ്വാഗതാർഹമാണ്. കരാറുകാർക്ക് കുടിശികയിനത്തിൽ കൊടുക്കാനുണ്ടായിരുന്ന 260 കോടി രൂപയും ബിറ്റുമിൻ വാങ്ങിയ വകയിൽ കൊടുക്കാനുണ്ടായിരുന്ന 15.5 കോടി രൂപയും കൊടുത്തു തീർത്തു. റോഡ് എഞ്ചിനീയറിംഗിൽ മാറ്റം വരുത്താനുള്ള സംരംഭം നല്ലതാണ്. അപകടാവസ്ഥയിലായിരിക്കുന്ന കലുങ്കുകളും പാലങ്ങളും പുതുക്കിപ്പണിയുന്നതിന് നടപടി സ്വീകരിക്കണം. നാഷണൽ ഹൈവേയുടെ ദൈർഘ്യം വർദ്ധിപ്പിക്കണം. നബാർഡിന്റെ സഹായം പ്രയോജനപ്പെടുത്തണം. ഈ തുക വകമാറി ചെലവഴിക്കരുത്. ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പർച്ചേസ് ആന്റ് സ്റ്റോഴ്സ് ഡിപ്പാർട്ടുമെന്റ് നിർത്തലാക്കുകയും റോഡ് ഫണ്ട് ബിൽ പാസ്സാക്കുകയും ചെയ്തു. എന്നിട്ടും നിരത്തുകളുടെ പരിപാലനം വേണ്ടത്ര രീതിയിൽ നടക്കുന്നില്ല. കാൽനട യാത്രക്കാർക്ക് സ്വൈരമായി യാത്രചെയ്യാനുള്ള സൗകര്യമില്ല. ചപ്പുചവറുകൾ കൊണ്ടിടുകയും, പരസ്യ കംപനിക്കാർ ബോർഡ് സ്ഥാപിക്കുകയും വർക്ക്ഷാപ്പുകാർ വാഹനങ്ങൾ പാർക്ക് ചെയ്യുകയും ചെയ്യുന്നതിൽനിന്ന് റോഡുകളെ രക്ഷിക്കണം. പി.ഡബ്ളിയു.ഡി.യുടെ കീഴിലുള്ള റെസ്റ്റു ഹൗസുകൾ കാര്യക്ഷമമാക്കണം. കൊണ്ടോട്ടിയിൽ ഒരു റെസ്റ്റു ഹൗസ് നിർമ്മിക്കാൻ നടപടി സ്വീകരിക്കണം. വിനോദസഞ്ചാരം വികസനത്തിന്റെ ഏറ്റവും നല്ല ഉപാധിയായി കേരളം സ്വീകരിക്കണം. വിനോദസഞ്ചാരമേഖലയിൽ പല സാദ്ധ്യതകളുമുണ്ട്. ആഭ്യന്തര ടൂറിസത്തിന് വലിയ പ്രാധാന്യം കൊടുക്കണം. വിനോദസഞ്ചാര മേഖലയിലും പൊതുമരാമത്തു വകുപ്പിലും ഫിഷറീസ് മേഖലയിയും പുതിയ മാറ്റങ്ങളുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. ഈ മാറ്റങ്ങൾ അതേ അർത്ഥത്തിൽ മുന്നോട്ടു കൊണ്ടുപോകാൻ ഉദ്യോഗസ്ഥൻമാരുടെ ഭാഗത്തു നിന്നും സഹകരണമുണ്ടാകണം. പരംപരാഗതമായ വികസന ശൈലി ഉപേക്ഷിക്കണം. റോഡപകടം ഒഴിവാക്കുന്നതിനു ഹൈവേ പ്രൊട്ടക്ഷൻ ആക്ട് കൊണ്ടുവരണം. അതുപോലെ ടോൾ ആക്ടിലും ഭേദഗതി വരുത്തണം. നിത്യവും ഉണ്ടായിക്കൊണ്ടിരിക്കുന്ന റോഡപകടങ്ങൾക്ക് ശാശ്വത പരിഹാരമുണ്ടാക്കുന്നതിന് ട്രാൻസ്പോർട്ട് വകുപ്പും പോലീസ് വകുപ്പും പൊതുമരാമത്തു വകുപ്പും ജോയിന്റായിട്ടുള്ള പ്രവർത്തനം നടത്തണം.

<u>ശ്രീ. തോമസ് ചാഴികാടൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നമ്മുടെ സംസ്ഥാനത്തിന്റെ വികസനത്തിൽ ഏറ്റവും വലിയ പങ്ക് വഹിക്കേണ്ട ഒന്നാണ് പൊതുമരാമത്തു വകുപ്പ്.

എവിടെയൊക്കെ അടിസ്ഥാന സൗകര്യങ്ങളും പശ്ചാത്തലങ്ങളും വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ അവിടെയൊക്കെ വികസനവും സാദ്ധ്യമായിട്ടുണ്ട്. പൊതുമരാമത്തു വകുപ്പിന്റെ പ്രവർത്തനങ്ങളാണ് നാം ഇന്ന് അവലോകനം ചെയ്യുന്നത്. കഴിഞ്ഞ 5 വർഷത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ ദുർഭരണംകൊണ്ട് ഈ രംഗം തകർന്ന് തരിപ്പണമായി. കോടിക്കണക്കിന് രൂപയുടെ കുടിശ്ശികയും കുത്തഴിഞ്ഞ ഭരണസംവിധാനവുമായാണ് ഈ വകുപ്പ് ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കയ്യിൽ എത്തുന്നത്. ഈ വകുപ്പിനെ രക്ഷിക്കുവാനുള്ള നടപടികളുമായി മുന്നോട്ടു പോവുകയാണ്. ബഹുമാനപ്പെട്ട മുനീർ ഈ വകുപ്പിന്റെ ചാർജ്ജ് ഏറ്റെടുത്തിനുശേഷം കരാറുകാർക്ക് കൊടുക്കാനുണ്ടായിരുന്ന കുടിശ്ശികയിൽ 300 കോടി രൂപയും ടാർ കംപനിക്ക് കുടിശ്ശികയുണ്ടായിരുന്ന 17 കോടി രൂപയും കൊടുത്തു തീർത്തു. തുടർന്ന് വീണ്ടും ടാർ ലഭ്യമാക്കിക്കൊണ്ട് റോഡുകൾ ട്രാഫിക്കബിളാക്കി കൂടുതൽ പുരോഗതി ഉണ്ടാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. പ്രധാനപ്പെട്ട റോഡുകളെ അന്തർദ്ദേശീയ നിലവാരത്തിൽ ഉയർത്താനുള്ള പരിശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണ കാലഘട്ടത്തിൽ ഒരു പുരോഗതിയും ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച ഏറ്റുമാനൂർ-കല്ലറ-വെച്ചൂർ റോഡിന്റെ പണി പൂർത്തിയാക്കണം. വേൾഡ് ബാങ്കിന്റേയും മറ്റും സഹായത്തോടുകൂടി ചെയ്യുന്ന വർക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം. ലാന്റ് അക്വിസിഷനിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് നിയമനിർമ്മാണം നടത്തണം. ഓരോ പദ്ധതിക്കും ലഭിക്കുന്ന പണം അതത് പദ്ധതിക്ക് മാത്രമേ ഉപയോഗിക്കാൻ പാടുള്ളു എന്ന നിബന്ധന ഉണ്ടാകണം. കേരളത്തിലെ മുഴുവൻ റോഡുകൾക്കും റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിക്കണം. അതുപോലെ ഐ. ആർ. സി. യുടെ സ്പെസിഫിക്കേഷൻ അനുസരിച്ച് റോഡുകൾ പണിതാൽ 15 വർഷം വരെ റോഡുകൾ നിലനിൽക്കുന്ന സാഹചര്യം ഉണ്ടാകും. അതുകൊണ്ട് ഐ. ആർ. സി. നോംസ് അനുസരിച്ച് റോഡുകൾ നിർമ്മിക്കാൻ നിർദ്ദേശം കൊടുക്കണം. പഞ്ചായത്തീ രാജ് നിയമം നടപ്പിലാക്കിയതിനുശേഷം പഞ്ചായത്തുകളിൽ നിക്ഷിപ്തമായ റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങളും മെയിന്റനൻസും ഒന്നും നടക്കുന്നില്ല. റോഡുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ പൊതുമരാമത്ത് വകുപ്പിൽ നിക്ഷിപ്തമാകത്തക്ക വിധത്തിലുള്ള ഭേദഗതി പഞ്ചായത്തീ രാജ് നിയമത്തിൽ വരുത്തണം. കരാറുകാർക്ക് കൊടുത്തുതീർക്കാനുള്ള കുടിശ്ശിക എത്രയും പെട്ടെന്ന് കൊടുത്തുതീർക്കുവാനുള്ള നടപടികൾ സ്വീകരിക്കണം. പൊതുമരാമത്തുവകുപ്പിന്റെ റോഡുകൾ കയ്യേറുന്നത് നിരോധിക്കുവാനുള്ള നടപടികൾ സ്വീകരിക്കണം. പുതിയ ബൈപാസ് റോഡുകൾ നിർമ്മിക്കുമ്പോൾ പഴയ റോഡുകൾ കയ്യേറുന്ന സാഹചര്യം ഒഴിവാക്കാൻ ആവശ്യമായ നിയമ നടപടികൾ കൊണ്ടുവരണം. കടലോര-കയലോര ടൂറിസവുമായി ബന്ധപ്പെടുത്തി കനാൽ ടൂറിസം വികസിപ്പിച്ച് ഹൗസ് ബോട്ടുകൾ ഏർപ്പെടുത്തി വിനോദസഞ്ചാരികളെ ആകർഷിക്കുവാനുള്ള നടപടികൾ സ്വീകരിക്കണം. ടൂറിസം മേഖലയിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ പണി ആരംഭിച്ച പദ്ധതികൾ എത്രയും വേഗം നടപ്പിലാക്കണം. തീർത്ഥാടന കേന്ദ്രങ്ങളെ ടൂറിസ്റ്റ് കേന്ദ്രങ്ങളായി പ്രഖ്യാപിക്കുവാനുള്ള കേന്ദ്ര ഗവൺമെന്റ് നിർദ്ദേശം വന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ

തീർത്ഥാടന കേന്ദ്രങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കി അവ വികസിപ്പിച്ചെടുക്കാൻ കഴിയണം.

ശ്രീ. ഉമേഷ് ചള്ളിയിൽ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആഗോളവൽക്കരണത്തിന്റെ അന്തസ്സത്ത ഉൾക്കൊണ്ടുകൊണ്ട് മത്സ്യമേഖലയുടെ സമഗ്രമായ വികസനം അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടക്കുന്നത്. കൊടുങ്ങല്ലൂർ മണ്ഡലത്തിലെ അഴിക്കോട് മത്സ്യബന്ധന മേഖലയുടെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് അവിടെ ഒരു മിനി ഹാർബർ പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. കൊടുങ്ങല്ലൂരിന്റെ മതപരവും ചരിത്രപരവുമായ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് ടൂറിസം രംഗത്ത് കൊടുങ്ങല്ലൂരിന് കൂടുതൽ പ്രാധാന്യം നല്കണം. കഴിഞ്ഞ കാലയളവിൽ എല്ലാ മേഖലകളിലും കൊടുങ്ങല്ലൂരിനെ അവഗണിച്ചിരുന്നു. കൊടുങ്ങല്ലൂർ വഴി കടന്നു പോകുന്ന എൻ.എച്ച് 17–ന്റെ മൂന്നേകാൽ കിലോമീറ്റർ വരുന്ന റോഡിനുള്ള ലാന്റ് അക്വിസിഷന് നടപടികൾ സ്വീകരിക്കണം.

ശ്രീ. ഷിബു ബേബിജോൺ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തിരുവനന്തപുരം –കൊല്ലം–എറണാകുളം എന്നീ ജില്ലകളിലെ ദേശീയപാത ഇരട്ടിപ്പിക്കൽ നടപടി അടിയന്തിര പ്രാധാന്യത്തോടുകൂടി നടത്തണം. ടൂറിസം മേഖല വരുമാന സാദ്ധ്യതയുള്ള ഒരു മേഖലയാണ് എന്ന നിലയിൽ വളർച്ചയുണ്ടാകണമെങ്കിൽ നമ്മുടെ കാഴ്ചപ്പാടിൽ മാറ്റം വരുത്തണം. സെക്സ് ടൂറിസത്തെ എതിർക്കേണ്ട കാര്യമില്ല. ടൂറിസം വില്ലേജുകൾ രൂപികരിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കണം. പരമ്പരാഗത മത്സ്യത്തൊഴിലാളികളെ പട്ടിണിയിൽ നിന്നും രക്ഷിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ ഡീസലും മണ്ണെണ്ണയും ലഭ്യമാക്കണം. അശാസ്ത്രീയമായ രീതിയിൽ കുറ്റിവലയും മറ്റും ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികൾക്ക് കോമ്പൻസേഷൻ നൽകിക്കൊണ്ട് അത്തരം മത്സ്യബന്ധനം പരിപൂർണ്ണമായി നിരോധിക്കണം. ബാലകൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ട് പൂർണ്ണമായി നടപ്പാക്കണം. പഞ്ഞമാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ നൽകണം.

ശ്രീ. എം. എ. വാഹീദ്: ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു. ഇടതു മുന്നണി ഗവൺമെന്റിന്റെ ഭരണംകൊണ്ട് വളരെയേറെ ശോച്യാവസ്ഥയിലായിരുന്ന പൊതുമരാമത്ത്, മത്സ്യബന്ധനം, വിനോദസഞ്ചാരം എന്നീ വകുപ്പുകളിൽ ഒരു വർഷം കൊണ്ട് വമ്പിച്ച പുരോഗതിയുണ്ടാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. പൊതുമരാമത്തു വകുപ്പിൽ കഴിഞ്ഞ അഞ്ചു വർഷം നടന്ന അഴിമതികളെക്കുറിച്ച് അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഈ ഗവൺമെന്റിലെ 67 അംഗങ്ങൾ എഴുതിത്തന്ന പരാതിയിന്മേലുള്ള ഗവൺമെന്റിന്റെ തീരുമാനം പ്രഖ്യാപിക്കണം. ഇന്നത്തെ ധനാഭ്യർത്ഥന ചർച്ചയിൽ ഉൾപ്പെട്ട മൂന്ന് വകുപ്പുകളിലും സ്വകാര്യ പങ്കാളിത്തം ആവശ്യമാണ്. സ്വകാര്യ പങ്കാളിത്തം കൊണ്ടുവരുമ്പോൾ അത് കേന്ദ്ര ഗവൺമെൻറ് നടപ്പിലാക്കുന്ന സ്വകാര്യ വൽക്കരണനയംപോലെയോ മട്ടാഞ്ചേരി പാലത്തിന്റെ നിർമ്മാണത്തിൽ

സ്വീകരിച്ച ബി.ഒ.ടി. പോലെയോ ആകാതിരിക്കാൻ ശ്രദ്ധിക്കണം. മട്ടാഞ്ചേരി പാലം നിർമ്മാണ ക്കരാറിലും തിരുവനന്തപുരത്തെ ജൈവവള നിർമ്മാണ ഫാക്ടറിക്കരാറിലും ക്രമക്കേടുകളുണ്ട്. നിയമസഭാ സമുച്ചയ നിർമ്മാണത്തിലും നിയമസഭാ സാമാജികർക്കുവേണ്ടിയുള്ള ഫ്ളാറ്റുകളുടെ നിർമ്മാണത്തിലുംനിന്ന് മാർക്സിസ്റ്റ് പാർട്ടി നേട്ടമുണ്ടാക്കിയിട്ടുണ്ട്. ബി.ഒ.ടി. യിൽ ഒളിഞ്ഞി രിക്കുന്ന അപകടങ്ങൾ ഒഴിവാക്കാൻ ശ്രദ്ധിക്കണം.

<u>ശ്രീ. ടി. എൻ. പ്രതാപൻ</u> : ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു. ഒരു വർഷത്തിനുള്ളിൽ ത്തന്നെ പൊതുമരാമത്ത്, മത്സ്യബന്ധനം, വിനോദസഞ്ചാരം, എന്നീ മേഖലകളിൽ ആശാവഹമായ പുരോഗതിയാണ് ഈ ഗവൺമെന്റ് ഉണ്ടാക്കിയിട്ടുള്ളത്. സംസ്ഥാനത്തിന് വളരെയേറെ വിദേശനാണ്യം നേടിത്തരുന്ന മത്സ്യത്തൊഴിലാളികൾ സാമ്പത്തികമായും സാമൂഹ്യമായും ഏറെ പിന്നോക്കമാണ്. മാറിമാറി വന്ന സർക്കാരുകൾ അവരുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകാതെ രാഷ്ട്രീയലക്ഷ്യംവച്ച് പ്രവർത്തിച്ചതിന്റെ ഫലമായി മത്സ്യത്തൊഴിലാളികൾ സാമൂഹ്യ –സാമ്പത്തിക രംഗങ്ങളിൽ കൂടുതൽ പിന്നോക്കമായി. നിയമങ്ങളെല്ലാം കാറ്റിൽ പറത്തി ക്കൊണ്ടാണ് മത്സ്യത്തൊഴിലാളി സംഘങ്ങൾ രൂപീകരിച്ചതും അവയിൽ അംഗത്വം നൽകിയതും. മത്സ്യത്തൊഴിലാളിക്ഷേമ സംഘങ്ങളിൽ 2 ശതമാനം അംഗത്വം മാത്രമേ പൊതുപ്രവർത്തകർക്ക് നൽകാൻ പാടുള്ളു എന്ന വ്യവസ്ഥയും മത്സ്യത്തൊഴിലാളിക്ഷേമ സംഘങ്ങൾ വഴി മത്സ്യം ലേലം ചെയ്യണമെന്ന വ്യവസ്ഥയും കർശനമായി പാലിക്കണം. ഇടത്തട്ടുകാരെ ഒഴിവാക്കണം. എൻ.സി.ഡി.സി. വഴി മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന വായ്പയ്ക്ക് പലിശ നിരക്ക് കൂടുതലായതിനാൽ നാഷണൽ ബാക്ക്വേഡ് കമ്മ്യൂണിറ്റീസ് ഫിനാൻസ് ഡെവലപ്മെന്റ് കോർപ്പറേഷനിലും നാഷണൽ മൈനോറിറ്റി കമ്മ്യൂണിറ്റീസ് ഫിനാൻസ് കോർപ്പറേഷനിലും നിന്ന് നൽകുന്ന കുറഞ്ഞ പലിശ നിരക്കിലുള്ള ലോൺ അവർക്ക് ലഭ്യമാക്കണം. ഫിഷറീസ് മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുടെ പ്രവർത്തനം ഏകോപിപ്പിക്കണം. ഫിഷറീസ് വകുപ്പും റവന്യൂ വകുപ്പും സംയുക്തമായി പ്രവർത്തിച്ച് ഫിഷറീസ് വകുപ്പിൽ അന്യാധീനപ്പെട്ടു കിടക്കുന്ന ഭൂമി കണ്ടുപിടിച്ച് ഉപയോഗപ്രദമാക്കണം. കടൽക്ഷോഭത്തിൽ മത്സ്യബന്ധനോപകരണങ്ങൾ നശിക്കുമ്പോൾ മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. മുൻ ഗവൺമെന്റിന്റെ കെടുകാര്യസ്ഥതമൂലം ചരമശയ്യയിലായ പൊതുമരാമത്തുവകുപ്പിന്റെ പ്രവർത്തനങ്ങളെ പുനരുജ്ജീവിപ്പിച്ച വകുപ്പുമന്ത്രിയെ അനുമോദിക്കുന്നു. എക്സ്പ്രസ് ഹൈവേ സാക്ഷാത്കരിക്കുന്നതിന് ഭരണ പ്രതിപക്ഷഭേദമെന്യെ എല്ലാവരുടെയും പിന്തുണയുണ്ടാകണം. കോട്ടയം നാഷണൽ ഹൈവേ ടൂ ലൈൻ സിസ്റ്റമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണം.

<u>ശ്രീ. എ.പി. അനിൽകുമാർ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കടുത്ത സാമ്പത്തിക ബുദ്ധിമുട്ടുകൾക്കിടയിലും കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനംകൊണ്ട് പൊതുമരാമത്തു വകുപ്പിന്റെ കീഴിലുള്ള റോഡുകൾ ഗതാഗതയോഗ്യമാക്കിയത് അഭിനന്ദനാർഹമാണ്. ബി.ഒ.ടി. വ്യവസ്ഥയിലൂടെയായാലും മറ്റ് ജനകീയ മാർഗ്ഗങ്ങളിലൂടെയായാലും കൂടുതൽ റോഡുകളും പാലങ്ങളും നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കണം. ബി.ഒ.ടി. വ്യവസ്ഥയിൽ അന്യ

സംസ്ഥാനങ്ങളിൽ നല്ല റോഡുകൾ നിർമ്മിച്ചിട്ടുള്ളത് കേരളത്തിലും മാതൃകയാക്കണം. . മുൻ ഗവൺമെന്റിന്റെ ഭരണകാലത്ത് ടെൻഡർപോലും വിളിക്കാതെ നൽകിയിട്ടുള്ള പണികളെ സംബന്ധിച്ച് അന്വേഷണം നടത്തണം. പ്രകൃതിയുടെ സൗന്ദര്യം കണ്ടെത്തി വിനോദസഞ്ചാര മേഖലയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തുന്നതോടൊപ്പം രാജ്യത്തിന്റെ സാസ്കാരിക പൈതൃകം കാത്തു സൂക്ഷിക്കുകയും വേണം. കായലോരങ്ങളും ബീച്ചുകളും ഹിൽസ്റ്റേഷനുകളും വികസിക്കണം. വിദേശ ടൂറിസ്റ്റുകൾക്കും ആഭ്യന്തര ടൂറിസ്റ്റുകൾക്കും ഹൗസ് ബോട്ടുകളിൽ സഞ്ചരിക്കുന്നതിന് അവസരമൊരുക്കണം. കേരളത്തിന്റെ കാശ്മീരായി വിശേഷിപ്പിക്കപ്പെട്ടിട്ടുള്ള മൂന്നാറിന് ടൂറിസം വികസനത്തിന്റെ കാര്യത്തിൽ പ്രത്യേക പരിഗണന നൽകുന്നതോടൊപ്പം വയനാട് മലപ്പുറം ജില്ലകൾകൂടി ടൂറിസവുമായി ബന്ധപ്പെടുത്തി വികസിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കണം.

<u>ശ്രീമതി മാലേത്ത് സരളാദേവി</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. അനുഗ്രഹീതമായ പ്രകൃതി ഭംഗിക്കനുസൃതമായി ടൂറിസം മേഖല വികസിപ്പിക്കുന്നതിനുള്ള ഗവണ്മെന്റിന്റെ പരിശ്രമം ശ്ലാഘനീയമാണ്. വിദേശ-ആഭ്യന്തര ടൂറിസ്ററുകളെ ആകർഷിക്കുന്നതിന് സ്വകാര്യ പങ്കാളിത്ത ത്തോടെയാണെങ്കിലും പദ്ധതികൾ ആവിഷ്ക്കരിക്കുന്നതും തീർത്ഥാടന-ആരോഗ്യ മേഖലകൾ ബന്ധപ്പെടുത്തി ടൂറിസം വികസിപ്പിക്കുന്നതും അതിനനുസൃതമായി ബ്രോഷറുകൾ തയ്യാറാക്കി വിതരണം നടത്തുന്നതും സ്വാഗതാർഹമാണ്. ടൂറിസം രംഗത്തെ കേരളത്തിന്റെ വളർച്ച വിദേശ മാദ്ധ്യമങ്ങൾ പോലും പ്രകീർത്തിച്ചിട്ടുണ്ട്. ഈ രംഗത്ത് ആത്മാർത്ഥമായി ഒട്ടേറെ പ്രവർത്തനങ്ങൾ ഈ ഗവണ്മെന്റ് നടത്തിയിട്ടും പ്രതിപക്ഷം അവയെല്ലാം മോശമായി ചിത്രീകരിക്കുകയാണ്. പ്രതിപക്ഷത്തിന്റെ ഈ ശ്രമം അപലപനീയമാണ്. വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിന് ജലഗതാഗതം കാര്യക്ഷമമാക്കുന്നതോടൊപ്പം ഡി.ടിപി.സി.കളുടെ പ്രവർത്തനവും ഊർജ്ജിതപ്പെടുത്തണം. തെന്മല ഇക്കോ ടൂറിസം പദ്ധതി ലാഭകരമാക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് പരിശോധിക്കണം.
ആറന്മുള കുളനട തീർത്ഥാടന-വിശ്രമകേന്ദ്രത്തിന്റെ പണികൾ ത്വരിതപ്പെടുത്തണം. വള്ളംകളിയുമായി ബന്ധപ്പെട്ട ബ്രോഷറുകളിൽ പ്രസിദ്ധമായ ആറന്മുള ചുണ്ടൻ വള്ളങ്ങളുടെ ചിത്രങ്ങൾ നൽകണം. ഭരണകക്ഷി-പ്രതിപക്ഷ വ്യത്യാസമില്ലാതെ മരാമത്തുവകുപ്പിന്റെ കീഴിലുള്ള മുഴുവൻ റോഡുകൾക്കും തുല്യ പരിഗണന നൽകി വരുന്ന വകുപ്പു മന്ത്രിയുടെ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്.

<u>ശ്രീ. കെ. സി. വേണുഗോപാൽ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പൊതുമരാമത്തു റോഡുകൾ സമയബന്ധിതമായി ഗതാഗതയോഗ്യമാക്കിയതിന് മന്ത്രിയെ അഭിനന്ദിക്കുന്നു. വേൾഡ് ബാങ്കിന്റെയും മറ്റു വിദേശ ഏജൻസികളുടെയും ധനസഹായം സ്വീകരിച്ചുകൊണ്ട് കൂടുതൽ റോഡുകളും പാലങ്ങളും നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. പുതിയ പ്രോജക്ടുകൾ ഏറ്റെടുത്തു നടപ്പിലാക്കുന്നതോടൊപ്പം കൊല്ലം ആലപ്പുഴ ബൈപ്പാസ് റോഡുകളുടെ പണി ത്വരിതപ്പെടുത്തുകയും വേണം. പൊതുമരാമത്തു വകുപ്പ് ഏറ്റെടുക്കുന്ന പണികൾ സമയബന്ധിതമായി പൂർത്തീകരിക്കണം. ഉദ്യോഗസ്ഥ പുനർവിന്യാസം

സ്വാഗതാർഹമാണെങ്കിലും ഓഫീസുകൾ പുനർവിന്യസിക്കുന്നത് ഗുണകരമാവുമോയെന്ന് പരിശോധിക്കണം. മലയോര എക്സ്പ്രസ് ഹൈവേകളുടെ നിർമ്മാണപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കണം. വിനോദ സഞ്ചാര മേഖലയുടെ വികസനത്തിന് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തി ക്കൊടുക്കുന്നതിൽ ഈ ഗവൺമെന്റ് ജാഗ്രത പുലർത്തുന്നുണ്ട്. ആലപ്പുഴ ജില്ലയിലെ ടൂറിസം മേഖലയുടെ അനന്തമായ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് ഒരു മാസ്റ്റർപ്ളാൻ തയ്യാറാക്കണം. ഡി.ടി.പി.സി.കൾ ശാസ്ത്രീയമായി പുന:സംഘടിപ്പിക്കണം. ഹെറിറ്റേജ് ടൂറിസവും എക്കോ-ടൂറിസവും വികസിപ്പിക്കണം. മന്ത്രിമാർക്കെതിരെ അടിസ്ഥാനരഹിതമായ ആരോപണ ങ്ങൾ ഉന്നയിക്കുന്ന പ്രതിപക്ഷസമീപനം അവസാനിപ്പിക്കണം. സംസ്ഥാനത്തിന് പ്രയോജന കരമായ വിധത്തിൽ സ്വകാര്യവൽക്കരണം നടത്തുന്നതിനെ എതിർക്കുന്നത് ശരിയല്ല. തീരദേശ വികസന അതോറിറ്റി പ്രാവർത്തികമാക്കണം. മൽസ്യത്തൊഴിലാളി മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തണം. മൽസ്യത്തൊഴിലാളികൾക്കുവേണ്ടി സമഗ്രമായ പാർപ്പിട പദ്ധതി ആവിഷ്ക്കരിക്കണം. പൊതുമരാമത്ത്, മൽസ്യബന്ധനം, വിനോദസഞ്ചാരം എന്നീ മേഖലകളിൽ ക്രിയാത്മകമായ ചലനങ്ങളുണ്ടാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു.

<u>ശ്രീ. ഇ.എം. അഗസ്തി</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് വിനോദസഞ്ചാര-പൊതുമരാമത്ത് മേഖലകളിലെ പ്രവർത്തനങ്ങൾ മുരടിച്ചു കിടന്നിരുന്നു. ഈ മേഖലകളിൽ ലക്ഷ്യബോധത്തോടുകൂടി പ്രവർത്തിച്ച് പുരോഗതി കൈവരിക്കാൻ ബന്ധപ്പെട്ട മന്ത്രിമാർക്ക് കഴിഞ്ഞു. മൽസ്യവിപണന രംഗത്തെ ഇടത്തട്ടുകാരെ ഒഴിവാക്കി മൽസ്യത്തൊഴിലാളികളെ ചൂഷണത്തിൽനിന്ന് രക്ഷിക്കണം. സംസ്ഥാനത്തെ ജലസംഭരണികളിൽ മൽസ്യം വളർത്തുന്ന പദ്ധതി വിവിധ വകുപ്പുകളുടെ സഹകരണത്തോടുകൂടി ആവിഷ്ക്കരിക്കണം. കേരളത്തിന്റെ സാമ്പത്തിക രംഗത്തും സാസ്ക്കാരിക രംഗത്തും വലിയ മാറ്റങ്ങളുണ്ടാക്കാൻ വിനോദസഞ്ചാര വകുപ്പിന് കഴിയും. അതിനനുസൃതമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പലാക്കണം. വിനോദസഞ്ചാരികളുടെ അഭിരുചിയ്ക്കനുസരിച്ച് സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിന് ശ്രദ്ധിക്കണം. എക്കോ-ടൂറിസത്തിന് പ്രാധാന്യം കൊടുത്തുകൊണ്ട് കേരളത്തിന്റെ ഹരിതഭംഗി ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിയത്തക്ക നിലയിൽ പ്രയോജന പ്പെടുത്തണം. എക്കോ-ടൂറിസത്തിന്റെ കാര്യത്തിൽ ഊട്ടി മോഡൽ സ്വീകരിക്കാതെ ഹരിതഭംഗി നഷ്ടപ്പെടാതെയുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം. തേക്കടി, കുമളി, വാഗമൺ തുടങ്ങിയ പ്രദേശങ്ങളിലെ വിനോദസഞ്ചാര വികസനത്തിന് ഒരു മാസ്റ്റർ പ്ളാൻ തയ്യാറാക്കണം. വിവിധ വകുപ്പുകളുടെ സഹകരണത്തോടുകൂടി വിനോദസഞ്ചാര മേഖലയിലെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കണം. വിനോദസഞ്ചാര വകുപ്പുമന്ത്രിക്കെതിരെ അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിക്കുന്ന പ്രതിപക്ഷ സമീപനം ഉപേക്ഷിക്കണം.

<u>ശ്രീ. കെ.പി. മോഹനൻ:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനത്തിൽ യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ല. പൊതുമരാമത്ത് റോഡുകളുടെ

അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് ആവശ്യമായ തൊഴിലാളികളെ നിയമിക്കണം. പാലങ്ങളുടേയും കൾവെർട്ടുകളുടേയും അറ്റകുറ്റപ്പണികൾ യഥാസമയം നടത്തണം. എക്സ്പ്രസ് ഹൈവേയുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിക്കപ്പെടുന്നവരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണം.പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള ഇൻസ്പെക്ഷൻ ബംഗ്ളാവുകളുടേയും റസ്റ്റ് ഹൗസുകളുടേയും ശോചനീ യാവസ്ഥയ്ക്ക് പരിഹാരം കാണണം. മൽസ്യവിൽപ്പന ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളവരെ സഹായിക്കുന്നതിന് ആവശ്യമായ ക്ഷേമപദ്ധതികൾ ആവിഷ്ക്കരിക്കണം. വിനോദസഞ്ചാര വികസന പദ്ധതികൾ ഗ്രാമപ്രദേശങ്ങളിലേയ്ക്ക്കൂടി വ്യാപിപ്പിക്കണം.

<u>ശ്രീ. പി.സി. ജോർജ്</u>: ധനാഭ്യർത്ഥനകെള എതിർക്കുന്നു. പി.ഡബ്ളിയു.ഡി. വകുപ്പ് ഇന്ന് നിർജ്ജീവമായ ഒരു വകുപ്പായി മാറിയിരിക്കുന്നു. ലോക ബാങ്കിൽനിന്ന് കടമെടുത്ത 1300 കോടിരൂപയുടെ വർക്ക് മാത്രമാണ് പി.ഡബ്ളിയു.ഡി.യിൽ നടത്താൻ പോകുന്നത്. പി.ഡബ്ളിയു. ഡി.ക്ക് ആവശ്യമായ പണം നൽകി നല്ല റോഡുകളുണ്ടാക്കുകയും റ്റി.ബി.കളിൽ വൈദ്യുതി കണക്ഷനും ടെലിഫോണും നൽകി ഉപയോഗിക്കാൻ കഴിയുന്ന രീതിയിലാക്കുകയുംചെയ്യണം.

<u>ശ്രീ. വി.സി. കബീർ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പൊതുമരാമത്തു വകുപ്പിന് ആവശ്യമായ പണം നല്കി ആ വകുപ്പിനെ രക്ഷപ്പെടുത്തണം. ഒരു സ്റ്റേറ്റ് ഹൈവേ അതോറിറ്റി രൂപീകരിക്കണം. റോഡ് വീതികൂട്ടാൻവേണ്ടി കടകളും വീടുകളും പൊളിച്ച് കുടിയൊഴിപ്പിക്കുന്ന വരെ പുനരധിവസിപ്പിക്കണം. അങ്കമാലി-വാളയാർ ദേശീയപാത നാലുവരിപ്പാതയാക്കാൻ ശുപാർശ ചെയ്യണം. ഒറ്റപ്പാലം-മായന്നൂർ പാലം പണിക്കാവശ്യമായ തുക അടിയന്തിരമായി അനുവദിക്കണം. നെല്ലിയാംപതിയ്ക്കും മലമ്പുഴയ്ക്കും ടൂറിസ്റ്റ് ഡെസ്റ്റിനേഷനിൽ പ്രാമുഖ്യം നൽകണം.

<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിൽ 10 ലക്ഷത്തോളംപേർ കടലിനെ ആശ്രയിച്ച് ഉപജീവനം നടത്തുന്നുണ്ട്. മാറിമാറി വന്ന സർക്കാരുകൾ മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും വികസനത്തിനുമായി ഒട്ടേറെ കോർപ്പറേഷനുകളും ക്ഷേമപദ്ധതികളും ആവിഷ്ക്കരിച്ച് ഖജനാവിൽനിന്ന് തുക ചെലവഴിച്ചു വെങ്കിലും ഇന്നും മൽസ്യത്തൊഴിലാളികളുടെ അവസ്ഥയിൽ കാര്യമായ മാറ്റമൊന്നുമുണ്ടായിട്ടില്ല. തീരദേശങ്ങളിൽ ശുദ്ധജലം കിട്ടാക്കനിയാണ്. ആ മേഖലയിൽ പഞ്ഞമാസങ്ങളിൽ പട്ടിണിയുടെ സംഹാരതാണ്ഡവവും മഴക്കാലത്ത് പകർച്ചാവ്യാധിയുടെ വിഹാരരംഗവുമാണ്. മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് ഉറങ്ങിക്കിടന്നിരുന്ന ഫിഷറീസ് വകുപ്പിന് ഈ സർക്കാരിന്റെ കാലത്ത് നവജീവൻ പകരാൻ സാധിച്ചു. മത്സ്യ വിഭവങ്ങളുടെ സംരക്ഷണവും മാനേജ്മെന്റും മത്സ്യത്തൊഴിലാളികളുടെ സാമൂഹിക-സാമ്പത്തിക ഉന്നമനവും ഇൻഡസ്ട്രിയൽ ഫിഷറീസിന്റെ വികസനവുമൊക്കെയായിരിക്കണം ഫിഷറീസ് വകുപ്പിന്റെ ഭരണത്തിലെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളും ഘടകങ്ങളും. മത്സ്യത്തൊഴിലാളികളുടെ കടാശ്വാസ പദ്ധതിക്കുള്ള

തുക വകയിരുത്തണം. മെക്കനൈസേഷന്റെ കാലഘട്ടത്തിൽ മത്സ്യത്തൊഴിലാളികളിൽനിന്ന് ഈടാക്കാനുള്ള കടം ഈ ഗവൺമെന്റ് എഴുതിത്തള്ളണം. ഗ്ളോബലൈസേഷന്റെ ഭാഗമായി മത്സ്യമേഖലയ്ക്ക് ബാധകമാകുന്ന ഒരു കോഡ് ഓഫ് കോൺഡക്ട് ഫോർ റെസ്പോൺസിബിൾ ഫിഷറീസ് സർക്കാർ പരിശോധിച്ച് ഗുണവശങ്ങളുണ്ടെങ്കിൽ ഉപയോഗപ്പെടുത്തുകയും ദോഷവശങ്ങളുണ്ടെങ്കിൽ അതിൽനിന്ന് രക്ഷപ്പെടാനുള്ള നടപടിയെടുക്കുകയുംചെയ്യണം. മാർക്കറ്റിംഗ് നവീകരിക്കാൻ നടപടിയുണ്ടാകണം. മൺസൂൺ മഴയില്ലാത്തതുകൊണ്ട് മത്സ്യത്തൊഴിലാളികൾ അനുഭവിക്കേണ്ടിവരുന്ന ബുദ്ധിമുട്ടുകൾ ലഘൂകരിക്കാനും അവരെ സഹായിക്കാനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്യണം. വിദേശികൾക്ക് മാത്രമല്ല, ആഭ്യന്തര ടൂറിസ്റ്റുകൾക്കും സൗകര്യപ്രദമാക്കത്തക്കവിധം കേരളത്തിന്റെ സദാചാരനിഷ്ടകൾ നിലനിറുത്തിക്കൊണ്ട് ടൂറിസം വികസിപ്പിക്കാനുള്ള നടപടിയുണ്ടാകണം.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. 10 ലക്ഷത്തോളം പേർ നേരിട്ടും അല്ലാതെയും ഈ രംഗത്ത് ഉപജീവനം നടത്തുന്നുണ്ട്. മോഡേണൈസേഷന്റെ ഫലമായി നിരവധി പുതിയ ബോട്ടുകളും മറ്റ് സംവിധാനങ്ങളുമുണ്ടായി എങ്കിലും അതിന്റെ പ്രയോജനം അവർക്ക് ലഭിക്കുന്നില്ല. മത്സ്യനയം ചർച്ചചെയ്യപ്പെടുന്ന ഈ വേളയിലെങ്കിലും അടിസാഥാനപരമായി ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ഉന്നമനത്തിനുവേണ്ടിയുള്ള സംവിധാനങ്ങൾ ഈ നയത്തിൽ ഉൾപ്പെടുത്തണം. അടുത്തവർഷമെങ്കിലും ഫിഷിംഗ് ഹോളിഡേ പ്രഖ്യാപിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. മത്സ്യഫെഡ് രൂപീകരിച്ച സമയത്ത് അതിന്റെ പ്രധാനപ്പെട്ട ലക്ഷ്യം ഇടത്തട്ടുകാരെ ഒഴിവാക്കുകയെന്നുള്ളതായിരുന്നു. തീരദേശ വികസന അതോറിറ്റി എത്രയുംവേഗം നടപ്പിലാക്കാനാവശ്യമായ നടപടിയുണ്ടാകണം. സിവിൽ സപ്ളൈസ് വകുപ്പ് വഴി വിതരണം ചെയ്യുന്ന മണ്ണെണ്ണ മത്സ്യഫെഡ് വഴി വിതരണം ചെയ്യണം. ഈ ഗവൺമെന്റ് 9 മാസത്തെ കുടിശ്ശിക പെൻഷൻ കൊടുത്തത് സ്വാഗതാർഹമാണ്. നമുക്ക് നഷ്ടപ്പെട്ട 32 കോടിരൂപ അടിയന്തിരമായി എക്സ്പോർട്ടർമാരിൽനിന്ന് പിരിച്ചെടുക്കാൻ നിയമത്തിൽ ആവശ്യമായ സംവിധാനമുണ്ടാക്കണം. മൽസ്യ മേഖലയിൽ ഏകജാലക സംവിധാനം ഏർപ്പെടുത്തണം. കേരളത്തിലെ ആദ്യത്തെ ഫിഷറീസ് വില്ലേജായി കുമ്പളങ്ങിയെ പ്രഖ്യാപിച്ച ഗവൺമെന്റിനെ അഭിനന്ദിക്കുന്നതോടൊപ്പം അതൊരു മാതൃകാഗ്രാമമാക്കാനുള്ള നടപടി സ്വീകരിക്കണം. മൽസ്യബന്ധനം, വിനോദ സഞ്ചാരം എന്നീ വകുപ്പുകളെ സഹകരിപ്പിച്ചുകൊണ്ട് കേരളത്തെ സമഗ്ര പുരോഗതിയിലേയ്ക്ക് നയിക്കണം. ഏറ്റവും കൂടുതൽ തൊഴിൽ നൽകാൻ കഴിയുന്ന മേഖലയായി ടൂറിസത്തെ വളർത്തിയെടുക്കണം. ടൂറിസവുമായി ബന്ധപ്പെട്ട് നിരവധി പദ്ധതികൾ നടപ്പിലാക്കണം. പുതിയ പാലങ്ങളും റോഡുകളും ബി.ഒ.ടി. അടിസ്ഥാനത്തിൽ നിർമ്മിക്കാനുള്ള നീക്കം സ്വാഗതാർഹമാണ്. എന്നാൽ മട്ടാഞ്ചേരി പാലത്തിന്റെ ബി.ഒ.ടി. സ്കീമിനുണ്ടായ അപചയം ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം. ഇരുചക്രവാഹനങ്ങൾക്ക് ചെറിയ പാലങ്ങളിൽ ടോൾ ഏർപ്പെടുത്തുന്നത് അവസാനിപ്പിക്കണം. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്തുണ്ടായ അഴിമതികളെക്കുറിച്ച് അന്വേഷിച്ച് കുറ്റക്കാരെ ശിക്ഷിക്കണം.

<u>ശ്രീ. ടി.കെ. ദേവകുമാര്‍</u> : ധനാഭ്യര്‍ത്ഥനകളെ എതിര്‍ക്കുന്നു. പൊതുമരാമത്ത് വകുപ്പില്‍ നടപ്പിലാക്കാനുദ്ദേശിക്കുന്ന ഭരണപരിഷ്ക്കാരത്തെയും ഉദ്യോഗസ്ഥ പുനര്‍വിന്യാസത്തെയും സംബന്ധിച്ച് ഭരണ–പ്രതിപക്ഷ കക്ഷികളുമായി ചര്‍ച്ച ചെയ്യാന്‍ ഗവണ്‍മെന്റ് തയ്യാറാകണം. സഞ്ചരിക്കാന്‍ വാഹനമില്ലെന്നതിനാല്‍ ആരോപണങ്ങള്‍ക്ക് വിധേയരായ സ്വകാര്യ വ്യക്തികളുടെ വാഹനങ്ങളില്‍ മന്ത്രിമാര്‍ യാത്ര ചെയ്യുന്നത് ഒഴിവാക്കണം.യോഗാഭ്യാസത്തെയും ആയുര്‍വേദ ചികില്‍സാസംവിധാനത്തെയും ടൂറിസം മേഖലയിലേയ്ക്ക് വലിച്ചിഴച്ച് കേരളത്തിന്റെ സാംസ്ക്കാരിക പൈതൃകം തകര്‍ക്കുന്ന നടപടി അവസാനിപ്പിക്കണം. ടൂറിസത്തിന്റെ അനന്ത സാദ്ധ്യതകളെക്കുറിച്ച് ആഗോളതലത്തില്‍ പ്രചരിപ്പിക്കുന്ന ഗവണ്‍മെന്റ് പതിനഞ്ചുലക്ഷത്തോളം പേര്‍ ജീവിക്കുന്ന മല്‍സ്യമേഖലയ്ക്കുവേണ്ടി യാതൊന്നും ചെയ്യുന്നില്ല. മണ്‍സൂണ്‍കാല ട്രോളിംഗ് നിരോധനം ഗവണ്‍മെന്റ് വിവാദമാക്കിയിരിക്കുന്നു. ഇന്‍ബോര്‍ഡ്, ഔട്ട്ബോര്‍ഡ് എന്ന് പരംപരാഗത മല്‍സ്യത്തൊഴിലാളികളെ തരംതിരിച്ച് ബോട്ടുടമകളെ സഹായിക്കുന്ന വിവേചനപരമായ നടപടി പുനഃപരിശോധിക്കണം. മല്‍സ്യഫെഡിന്റെ രജിസ്ട്രാര്‍ കൂടിയായ ഫിഷറീസ് വകുപ്പ് ഡയറക്ടര്‍ സമര്‍പ്പിച്ച റിപ്പോര്‍ട്ടിന്റെ അടിസ്ഥാനത്തില്‍ മല്‍സ്യത്തൊഴിലാളി പ്രൈമറി സംഘങ്ങളെ പിരിച്ചു വിടാനുള്ള നീക്കത്തില്‍നിന്ന് ഗവണ്‍മെന്റ് പിന്‍മാറണം. വള്ളവും വലയും വാങ്ങാന്‍ ആവശ്യമായ ധനസഹായം നല്‍കി ഇടത്തട്ടുകാരുടെ ചൂഷണത്തില്‍നിന്നും ഇവരെ രക്ഷിക്കണം. മല്‍സ്യത്തൊഴിലാളി ക്ഷേമനിധിപ്രകാരം പിരിഞ്ഞുകിട്ടാനുള്ള തുക പിരിച്ചെടുക്കുന്നതിനും കയറ്റുമതി വര്‍ദ്ധിപ്പിക്കാനും പെന്‍ഷന്‍ കുടിശ്ശിക കൊടുക്കാനും നടപടി സ്വീകരിക്കണം. തൊഴിലാളി വിഹിതം വര്‍ദ്ധിപ്പിച്ചും സര്‍ക്കാര്‍ വിഹിതം കുറച്ചും സമ്പാദ്യ സമാശ്വാസ പദ്ധതി തകര്‍ത്തിരിക്കുന്നു. ഉള്‍നാടന്‍ മല്‍സ്യത്തൊഴിലാളികളെ ഉള്‍പ്പെടുത്തിയിട്ടും ഈ പദ്ധതിയിന്‍കീഴിലുള്ള അംഗങ്ങളുടെ സംഖ്യ കഴിഞ്ഞ കാലത്തേക്കാള്‍ കുറഞ്ഞിരിക്കുന്നു. മല്‍സ്യഫെഡുവഴി മത്സ്യബന്ധനോപകരണങ്ങള്‍ വിതരണം ചെയ്യുന്ന പദ്ധതി, ഇന്‍ഷ്വറന്‍സ് പദ്ധതി, ജനകീയാസൂത്രണ പദ്ധതി എന്നിവ അനുസരിച്ചുള്ള ആനുകൂല്യങ്ങള്‍ ഗവണ്‍മെന്റ് നിറുത്തലാക്കി.. 7.8.2001–ല്‍ മല്‍സ്യ ഫെഡിന്റെ ഭരണ സമിതിയുടെ തീരുമാനമില്ലാതെ ഏഴര ശതമാനം വില വര്‍ദ്ധിപ്പിച്ച് 7500 ''യെന്‍'' കമ്മീഷന്‍ നിശ്ചയിച്ചുകൊണ്ട് യന്ത്രോപകരണങ്ങള്‍ വാങ്ങിയതിനെക്കുറിച്ച് ഗവണ്‍മെന്റ് അന്വേഷിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. എം. കെ. മുനീര്‍</u>): പൊതുമരാമത്തു വകുപ്പിനെക്കുറിച്ചുണ്ടായ വിമര്‍ശനങ്ങളെ ക്രിയാത്മക നിര്‍ദ്ദേശങ്ങളായി ഗവണ്‍മെന്റ് സ്വീകരിക്കുന്നു. കഴിഞ്ഞ എല്‍. ഡി.എഫ്. ഗവണ്‍മെന്റിന്റെ ഭരണത്തിന്‍ കീഴില്‍ മൃതപ്രായമായ വകുപ്പിനെ കുറഞ്ഞ സാമ്പത്തിക പരിമിതിയ്ക്കുള്ളിലും രക്ഷിക്കാനുള്ള ശ്രമമാണ് ഗവണ്‍മെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. കരാറുകാര്‍ കുടിശ്ശിക കിട്ടാതെ ആത്മഹത്യാശ്രമത്തിലായിരുന്ന സാഹചര്യത്തിലാണ് ഈ ഗവണ്‍മെന്റ് അധികാരത്തില്‍ വന്നത്. മാത്രമല്ല, ഖജനാവിന്റെ അവസ്ഥ പരിതാപകരമായിരുന്നു. കഴിഞ്ഞ ഗവണ്‍മെന്റിന്റെ കാലത്ത് ഓയില്‍ കമ്പനികള്‍ക്ക് കൊടുക്കാനുണ്ടായിരുന്ന 15 കോടിയോളം രൂപ ഈ ഗവണ്‍മെന്റ് അധികാരത്തില്‍ വന്ന ഉടനെ കൊടുത്തു. കുടിശ്ശികയായിരുന്ന 757 കോടി രൂപയില്‍ 340.78 കോടി രൂപ കരാറുകാര്‍ക്ക് ഈ ഗവണ്‍മെന്റ് കൊടുത്തു. കഴിഞ്ഞ സാമ്പത്തിക വര്‍ഷം പ്ലാന്‍, നോണ്‍ പ്ലാന്‍ ഇനത്തില്‍ അനുവദിച്ച തുകയുടെ

83% ചെലവാക്കി. നബാർഡിന് കൊടുക്കാനുണ്ടായിരുന്ന 80 കോടി രൂപ കൊടുത്തുതീർത്ത് അവർ റീഇംപേഴ്സ് നൽകിയതനുസരിച്ച് പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. വാഹനത്തിന്റെ എണ്ണം 11 ശതമാനമായി വർദ്ധിച്ചപ്പോൾ റോഡിന്റെ നീളം 1.5% മാത്രമേ വർദ്ധിച്ചിട്ടുള്ളൂ. ചരക്ക് ഗതാഗതം, പാസഞ്ചർ ഗതാഗതം, അമിത ഭാരമുള്ള വാഹന ഗതാഗതം മുതലായവ റോഡിന്റെ ശോചനീയാവസ്ഥയ്ക്ക് കാരണമാകുന്നു. വില്ലേജ് റോഡുകൾ, ഒ.ഡി.ആർ, എം. ഡി. ആർ. ആക്കണമെന്ന ആവശ്യവും ഉയർന്നു വരുന്നു. മുൻവർഷങ്ങളേക്കാൾ 2002–2003–ലെ ബഡ്ജറ്റ് വിഹിതം വർദ്ധിച്ചിട്ടുണ്ടെങ്കിലും ഉദ്ദേശിച്ച രീതിയിൽ വർക്കുകൾ മുന്നോട്ട് കൊണ്ടുപോകാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. നൂറു ശതമാനം അറ്റകുറ്റപ്പണികളും നടത്താൻ കഴിഞ്ഞിട്ടില്ല . പരിമിതമായ വിഭവം ഉപയോഗിച്ചുകൊണ്ട് റോഡുകൾ എങ്ങനെ മെച്ചപ്പെടുത്താൻ സാധിക്കുമെന്ന് പരിശോധിച്ച് പരമാവധി പ്രാവർത്തിക മാക്കാൻ ശ്രമിച്ചിട്ടുണ്ട്. റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ ഉപയോഗിച്ചാൽ റോഡുകൾക്ക് മുപ്പതു ശതമാനം ഈട് കിട്ടുമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കൊച്ചിൻ റിഫൈനറീസിന്റെ ശേഷി വർദ്ധിപ്പിച്ച് സംസ്ഥാനത്തിന് ആവശ്യമുള്ള 65000 മെട്രിക്ടൺ റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ നൽകാൻ നിർദ്ദേശം നൽകി. കേരളത്തിൽ മാത്രമല്ല ഇന്ത്യയിലെ എല്ലാ നാഷണൽ ഹൈവേയിലും നൂറുശതമാനം റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ ഉപയോഗിക്കാമെന്നുള്ള നിർദ്ദേശം കേന്ദ്ര ഗവൺമെന്റിനെക്കൊണ്ട് അംഗീകരിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ഒരുകോടി രൂപയ്ക്കുമുകളിൽ ചെലവു വരുന്ന പാലങ്ങൾക്കുമാത്രമേ ടോൾ പിരിക്കാവൂ എന്നും നാഷണൽ ഹൈവേയിൽ ടൂ വീലേഴ്സിനെ ടോൾ പിരിവിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നതുപോലെ സ്റ്റേറ്റു ഹൈവേയിലും ടൂവീലേഴ്സിനെ ടോൾ പിരിവിൽ നിന്ന് ഒഴിവാക്കിക്കൊണ്ട് ടോൾ ആക്ടിൽ ഭേദഗതി വരുത്തുന്നതാണ്. പതിനഞ്ചുവർഷം കഴിഞ്ഞിട്ടുള്ള പാലങ്ങളിൽനിന്നും ടോൾ പിരിക്കേണ്ടതില്ല എന്നും തീരുമാനമെടുക്കുന്നതാണ്. സംസ്ഥാനത്തെ റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ ഈ സാമ്പത്തിക വർഷം ഒരു കോടി ഇരുപത്തിയെട്ട് ലക്ഷം രൂപയുടെ ലാഭമുണ്ടാക്കി. റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ വഴിയും സ്വകാര്യ പങ്കാളിത്തത്തോടുകൂടിയും കഴിയുന്നത്ര പ്രവൃത്തികൾ നടത്തിയാലേ സംസ്ഥാനത്തെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയൂ. എക്സ്പ്രസ് ഹൈവേ സംബന്ധിച്ച് പഠനം നടത്തിക്കൊണ്ടിരിക്കുകയാണ്. പാവപ്പെട്ട ജനങ്ങളെ ബുദ്ധിമുട്ടിക്കാതെ, കുടിയൊഴിപ്പിക്കുന്നവരെ പുനരധിവസിപ്പിച്ചതിനുശേഷം മാത്രമേ എക്സ്പ്രസ് ഹൈവേ പ്രാവർത്തികമാക്കുകയുള്ളൂ. ജനപ്രതിനിധികളുമായി ചർച്ച ചെയ്ത് ആളുകൾക്ക് അങ്ങോട്ടുമിങ്ങോട്ടും പോകാനുള്ള ഓവർബ്രിഡ്ജും അണ്ടർ പാസ്സേജും നിർമ്മിച്ചുകൊണ്ടായിരിക്കും എക്സ്പ്രസ് ഹൈവേ നിർമ്മിക്കപ്പെടുന്നത്. റോഡുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും നിലനിർത്തുന്നതിനുമായി ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ഒരു ക്വാളിറ്റി കൺട്രോൾ ടീമിന് രൂപം നൽകുന്നതാണ്. ഇതിന്റെ ഓരോ ജില്ലയുടേയും ചുമതല ഓരോ എക്സിക്യൂട്ടീവ് എഞ്ചിനീയർക്കായിരിക്കും. ആവശ്യമെന്നുകണ്ടാൽ മൊബൈൽ യൂണിറ്റും ആരംഭിക്കും. ഹിൽവേ സാദ്ധ്യമാക്കുന്നതു സംബന്ധിച്ച് നാറ്റ്പാക്കിന്റെ ഇന്ററിം റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. പൂർണ്ണമായ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഹിൽ ഹൈവേയുടെ പ്രവൃത്തികൾ ഏറ്റെടുക്കുന്നതാണ്. പൊന്നാനി – കോഴിക്കോട് കോസ്റ്റൽ ഹൈവേയുടെ സർവ്വേ പൂർത്തിയാക്കിയിട്ടുണ്ട്. ബി.ഒ.ടി അടിസ്ഥാനത്തിൽ അത്

നടത്തുന്നതിനുള്ള ശ്രമം ആരംഭിക്കുന്നതാണ്. നാഷണൽ ഹൈവേയിൽ നല്ല രീതിയിലുള്ള പുരോഗതി കൈവരിച്ചതുകൊണ്ട് കേന്ദ്ര ഗവൺമെന്റിന്റെ ഐ.ആർ.ക്യു.പി.യിൽ ഉൾപ്പെടുത്തി കൂടുതൽ പദ്ധതികൾ നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്. അതിനാൽ എൻ.എച്ച്. 17–ഉം എൻ.എച്ച്.47–ഉം രണ്ട് വർഷം കൊണ്ട് പൂർണ്ണമായും ബി.എം. ആന്റ് എ.സി. ചെയ്യാൻ കഴിയുന്നതാണ്. സെൻട്രൽ ഗവൺമെന്റിന്റെ ഈ വർഷത്തെ പ്ലാനിൽ ആലപ്പുഴ ബൈപാസ് ഉൾപ്പെടുത്തുകയും അതിന്റെ ജോലികൾ 'ഡ്രിക്കി'നെ ഏൽപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഐ.ഐ.ടി. (മദ്രാസ്), ആർ. ഇ. സി. എന്നിവയിലെ ഉയർന്ന പ്രൊഫസർമാരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പ്രത്യേക യൂണിറ്റ് പ്രോജക്ട് പ്രിപ്പറേഷനുവേണ്ടി 'ഡ്രിക്കി' ൽ പ്രവർത്തിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പാലങ്ങളുടെ പണി പെട്ടെന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്നതിനാൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പുതിയ പാലങ്ങളുടെ പണി നബാർഡിന്റെ സഹായത്തോടെ ഏറ്റെടുക്കുന്നതിന് മന്ത്രിസഭ തീരുമാനിച്ചിരിക്കുകയാണ്. 100 കോടി രൂപയാണ് ഇപ്പോൾ നബാർഡിൽ നിന്നും സഹായം പ്രതീക്ഷിക്കുന്നതെങ്കിലും ഭാവിയിൽ കൂടുതൽ തുക ലഭ്യമാക്കി കൂടുതൽ പാലങ്ങൾ നിർമ്മിച്ച് സംസ്ഥാനത്തിന്റെ മുഖച്ഛായ തന്നെ മാറ്റാൻ കഴിയുന്നതാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ.വി. തോമസ്): ഫിഷറീസ്, ടൂറിസം വകുപ്പുകളെ സംബന്ധിച്ച് ക്രിയാത്മകമായ പല നിർദ്ദേശങ്ങളും ഇവിടെ ലഭിച്ചു. സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ 2.5% സംഭാവന ചെയ്യുന്നത് മത്സ്യബന്ധന മേഖലയാണ്. 2002–2003–ൽ 7981.10 ലക്ഷം രൂപയുടെ പദ്ധതിക്കാണ് ഈ മേഖലയിൽ രൂപം നൽകിയിട്ടുള്ളത്. മത്സ്യസമ്പത്തിന്റെ ഉടമ പരമ്പരാഗത മത്സ്യത്തൊഴിലാളികളാണെന്ന കേന്ദ്ര ആശയത്തിന് ഊന്നൽ നൽകിക്കൊണ്ട് മത്സ്യബന്ധന ഉപകരണങ്ങൾ, മത്സ്യവിഭവം, അടിസ്ഥാന സൗകര്യം, മത്സ്യവിൽപ്പനയ്ക്കുള്ള അധികാരം എന്നിവ യഥാർത്ഥ മത്സ്യത്തൊഴിലാളികൾക്കാണെന്ന രീതിയിൽ ഒരു മത്സ്യ വികസന പരിപാലന നയത്തിന് രൂപം നൽകിക്കൊണ്ടിരിക്കുകയാണ്. ഈ മേഖലയിലെ മത്സ്യത്തൊഴിലാളികളും ജനപ്രതിനിധികളുമായി ചർച്ച ചെയ്തുകൊണ്ടായിരിക്കും മത്സ്യനയത്തിന് രൂപം നൽകുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മുതലപ്പൊഴി തുറമുഖത്തിന്റെ നിർമ്മാണം ആരംഭിച്ചു. കായംകുളം മത്സ്യബന്ധന തുറമുഖം സമയബന്ധിതമായി പൂർത്തിയാക്കി. പൊന്നാനി മത്സ്യബന്ധന തുറമുഖത്തിന്റെ വികസന പരിപാടികൾ ആരംഭിച്ചു. കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായത്തോടെ പുതിയ പദ്ധതികളെപ്പറ്റി ചർച്ച ചെയ്യുന്നതിന് കേന്ദ്ര കൃഷിവകുപ്പ് അറിയിച്ചിട്ടുണ്ട്. തോട്ടപ്പള്ളി, കൊയിലാണ്ടി ഫിഷ് ലാന്റിംഗ് സെന്ററുകളും കോട്ടയം, കരിമ്പ്രം, ഇടക്കഴിയൂർ എന്നീ തുറമുഖ വികസന പദ്ധതികളും കേന്ദ്രധനസഹായത്തോടെ ഏറ്റെടുക്കുന്നതാണ്. നീണ്ടകര, പുതിയാപ്പ, മുനമ്പം, മാപ്പിളബേ, ചേറ്റുവ, മലക്കടവ്, ധർമ്മടം, ന്യൂമാഹി, തോട്ടപ്പള്ളി, ചെറുവത്തൂർ, നീലേശ്വരം എന്നീ ഫിഷ് ലാന്റിംഗ് സെന്ററുകളുടെ പ്രവർത്തനത്തെക്കുറിച്ച് കേന്ദ്ര ഗവൺമെന്റിന് റിപ്പോർട്ട് നൽകുന്നതാണ്. യാനങ്ങളുടെ രജിസ്ട്രേഷൻ, ലൈസൻസിംഗ് എന്നീ നടപടികൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു സെൻസസ് ആരംഭിക്കും. യഥാർത്ഥ മത്സ്യത്തൊഴിലാളികൾക്കുമാത്രം ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് ഫോട്ടോ പതിച്ച

തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യും. കോസ്റ്റ് ഗാർഡും ഫിഷറീസ് ഡിപ്പാർട്ടുമെന്റും ചേർന്ന് ഒരു സംരക്ഷണ പദ്ധതിക്ക് രൂപം കൊടുക്കുന്നതാണ്. ഏറ്റവും ശാസ്ത്രീയമായ കമ്മ്യൂണിക്കേഷൻ സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതാണ്. പുതിയ മത്സ്യബന്ധന വല നിർമ്മിക്കുന്നതിന് ജപ്പാന്റെ സഹായത്തോടു കൂടി 66 കോടി രൂപ മുതൽ മുടക്കി ഒരു പദ്ധതി ആരംഭിക്കുന്നതാണ്. കൊച്ചി കേന്ദ്രമാക്കി കയറ്റുമതി മേഖല രൂപീകരിച്ച് മത്സ്യ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തും. കയറ്റുമതി വർദ്ധിപ്പിക്കുന്നതിന് കേരളത്തിൽ മുന്നൂറിലധികം വരുന്ന പ്രീ-പ്രോസ്സസിംഗ് യൂണിറ്റുകളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിനും ശുചീകരണം ഉറപ്പുവരുത്തുന്നതിനുമുള്ള പദ്ധതികൾ കേന്ദ്ര ഭക്ഷ്യ സംസ്ക്കരണ മന്ത്രാലയത്തിന്റെ ധനസഹായത്തോടെ ഏർപ്പെടുത്തുന്നതാണ്. മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് സഹകരണ സംഘങ്ങൾ രൂപീകരിക്കും. മത്സ്യഫെഡ്ഡുമുഖേന മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ വിതരണം ചെയ്യും. സുസുക്കി ഔട്ട്ബോർഡ് എഞ്ചിൻ ഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പരാതി വിജിലൻസിനെക്കൊണ്ട് അന്വേഷിപ്പിക്കുന്നതാണ്. മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 505 കോടി രൂപയുടെ ഒരു പദ്ധതി കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുന്നതാണ്. കണ്ടൽകാടുകളുടെ സംരക്ഷണവും വികസനവും ജനകീയ പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. 2003-ലും അലങ്കാര മത്സ്യപ്രദർശനം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. അലങ്കാര മത്സ്യങ്ങളുടെ ഉൽപ്പാദന പരിപാലനത്തോടുകൂടിയ അക്വാപാർക്ക് എറണാകുളത്തും വിവിധയിനങ്ങളിൽപ്പെട്ട 15 ദശലക്ഷം ചെമ്മീൻ കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കാൻ ശേഷിയുള്ള ഹാച്ചറി വർക്കലയിലും തുടങ്ങുന്നതാണ്. വിവിധ ഏജൻസികളെ സംയോജിപ്പിച്ച് സമഗ്രമായ മത്സ്യകൃഷിക്ക് രൂപം നൽകുന്നതാണ്. മലബാർ മേഖലയിൽ ചിപ്പി, മുത്തുച്ചിപ്പി, ഞണ്ട് തുടങ്ങിയവയുടെ കൃഷി വ്യാപിപ്പിക്കാൻ പരിപാടിയുണ്ട്. എറണാകുളം ജില്ലയിലെ കുമ്പളങ്ങിയിൽ ഒരു മാതൃകാ മത്സ്യഗ്രാമം വികസിപ്പിക്കാൻ കേന്ദ്ര ഗവൺമെന്റ് ഒരു കോടി രൂപ നൽകിയിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരമേറ്റശേഷം രണ്ട് ട്രോളിംഗ് കാലം തീരുകയാണ്. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും മത്സ്യത്തൊഴിലാളി ഗ്രാമതലത്തിലും ഏക ജാലക സംവിധാനത്തെക്കുറിച്ച് പരിശോധിക്കുകയാണ്. തീരദേശ അതോറിറ്റിയെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ ക്യാബിനറ്റിന്റെ മുമ്പിൽ വന്നിട്ടുണ്ട്. വരുന്ന വർഷം തീരദേശ വികസന അതോറിറ്റിക്ക് രൂപം നൽകാൻ കഴിയും. ടൂറിസം വികസന പദ്ധതികൾ അഭിമാനകരമായി മുന്നോട്ടുകൊണ്ടുപോകാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ഈ വർഷം തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, തൃശൂർ, കൊല്ലം എന്നീ നഗരങ്ങളിൽ ടൂറിസം മേഖലയിലെ ബിസിനസ് സ്ഥാപനങ്ങളും നഗരസഭകളും ടൂറിസം വകുപ്പും ചേർന്ന് വിസിറ്റേഴ്സ് ആന്റ് കൺവെൻഷൻ പ്രൊമോഷൻ ബ്യൂറോ ആരംഭിക്കും. ഇതിനുവേണ്ടി 250 ലക്ഷം രൂപ മാറ്റിവച്ചിട്ടുണ്ട്. ഇൻഡ്യയിലാദ്യമായി നാഷണൽ ബോട്ട് ഷോ ഒക്ടോബറിൽ കൊച്ചിയിൽ നടത്തുകയാണ്. വിവിധ സംവിധാനങ്ങളുള്ള ഹൗസ് ബോട്ടുകളും യന്ത്രവൽകൃത ബോട്ടുകളും പ്രദർശനത്തിനുണ്ടാകും. കേരളാ ട്രാവൽ മാർട്ട് ഒക്ടോബർ 2 മുതൽ 5 വരെ കൊച്ചിയിൽ നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. ട്രാവൽ ഏജൻസി അസോസിയേഷൻ ഓഫ് ഇൻഡ്യയുടെ ദേശീയ സമ്മേളനം സെപ്റ്റംബറിൽ കൊച്ചിയിൽ നടത്തുകയാണ്. കാലടി, ഗുരുവായൂർ,

ശബരിമല, മലയാറ്റൂർ എന്നീ മേഖലകളെ വികസിപ്പിച്ചുകൊണ്ടുള്ള തീർത്ഥാടന ടൂറിസത്തിന് രൂപം കൊടുത്തിട്ടുണ്ട്. കാലടിയിലെ മുതലക്കുളത്തിന്റെ വികസനത്തിന് 50 ലക്ഷം രൂപ കേന്ദ്ര ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം 5000 കോടി രൂപയുടെ സ്വകാര്യ നിക്ഷേപം ടൂറിസം മേഖലയിലുണ്ടായിട്ടുണ്ട്. അടുത്ത നാലു വർഷത്തിനുള്ളിൽ 4000 കോടി രൂപയുടെ നിക്ഷേപം സംസ്ഥാനത്തുണ്ടാകും. സിൽക്ക്, കുവൈറ്റ് എയർവേസ് കൊച്ചിയിലേക്ക് സർവ്വീസ് ആരംഭിച്ചുകഴിഞ്ഞു. എമറൈറ്റ്സ് ഖത്തർ എയർവേസുകൾ സെപ്റ്റംബറിൽ കൊച്ചിയിലേക്ക് സർവ്വീസ് ആരംഭിക്കും. എയർ ഇൻഡ്യ ലണ്ടൻ ന്യൂയോർക്ക് സർവ്വീസും ജർമൻ ഫ്രാങ്ക് ഫർട്ട് സർവ്വീസും ഈ വർഷം തുടങ്ങും. മാലി–ശ്രീലങ്ക എയർവേസുകളും തിരുവനന്തപുരത്തു നിന്ന് കൊച്ചിയിലേക്ക് പുതിയ വിമാന സർവ്വീസുകളും ആരംഭിക്കുന്നതാണ്. പുതിയ വികസന പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. കോഴിക്കോട് യാത്രി നിവാസിന്റെ ഉത്ഘാടനം അടുത്ത ആഗസ്റ്റ് 8–ന് നടക്കും. കേരളത്തിലെ ഗസ്റ്റ് ഹൗസുകൾ പ്രൈവറ്റ് മേഖലയ്ക്ക് കൊടുക്കാൻ ഈ ഗവൺമെന്റ് തീരുമാനമെടുത്തിട്ടില്ല. പക്ഷേ കേന്ദ്ര ഗവൺമെന്റിന്റെ 100% സാമ്പത്തിക സഹായമുള്ള യാത്രി നിവാസിന്റെ മാനേജ്മെന്റ് പ്രൈവറ്റൈസ് ചെയ്യാൻ കേന്ദ്ര ഗവൺമെന്റ് ഉദ്ദേശിച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് സ്വകാര്യവൽക്കരണത്തിന് എതിരല്ല, പക്ഷേ സ്വകാര്യവൽക്കരണം കൊണ്ടുവന്നവർ തന്നെ അതിനെ എതിർക്കുന്നത് ശരിയല്ല. ആലപ്പുഴ കുമരകം, തണ്ണീർമുക്കം, ചേറ്റുവാ തുടങ്ങിയ സ്ഥലങ്ങളിൽ ബോട്ട് ടെർമിനലുകൾ ആരംഭിക്കും. വേളി ടൂറിസ്റ്റ് വില്ലേജ് അവസാനഘട്ട വികസന പ്രവർത്തനങ്ങൾ ഈ വർഷം പൂർത്തിയാകും. തെന്മല ടൂറിസം പ്രോജക്ടിന് ഈ ഗവൺമെന്റ് രണ്ടു കോടി രൂപ കൊടുത്തു. കൂടാതെ കായംകുളം, ആലപ്പുഴ, കൊട്ടാരക്കര എന്നിവിടങ്ങളിലെ മോട്ടലുകളുടെ വികസനത്തിന് ഒരു കോടി രൂപ ചെലവഴിക്കും. കെ. റ്റി. ഡി. സി. യുടെ എല്ലാ സ്ഥാപനങ്ങളിലേയും സേവനം മെച്ചപ്പെടുത്തി കൂടുതൽ ലാഭകരമാക്കും. സ്വകാര്യപങ്കാളിത്തത്തോടുകൂടിയുള്ള റെയിൽ ട്രാവൽ ടൂറിസം കുർളയിൽ നിന്നും ആരംഭിച്ചിട്ടുണ്ട്. വല്ലാർപാടം ദ്വീപിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു പദ്ധതി നിർമ്മിക്കാൻ ഉദ്ദേശമുണ്ട്. വേളാങ്കണ്ണി, മൂകാംബിക എന്നിവിടങ്ങളിൽ അതാത് സ്ഥലങ്ങലിലെ ടൂറിസം ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ടുകൊണ്ട് ടൂറിസം സെന്റേഴ്സ് തുടങ്ങും. കോഴിക്കോട് ഡ്രീംസിറ്റി പ്രോജക്ടും സ്വീവേജ് പ്ലാന്റും ബി.ഒ.ടി. അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ കിൻഫ്രയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മുഴുപ്പിലങ്ങാട്, പയ്യാമ്പലം ബീച്ചുകൾ വികസിപ്പിക്കും. ഇരിങ്ങലിലെ കുഞ്ഞാലി മരയ്ക്കാർ സ്മാരകത്തിന്റെ സംരക്ഷണം, തുഷാരഗിരി വെള്ളച്ചാട്ടത്തിന്റെ വികസനം, പൂക്കോട് തടാകത്തിന്റെ വികസനം, ബേക്കൽ കോട്ടയുടെ സംരക്ഷണം, ചന്ദ്രഗിരികോട്ടയുടെ സംരക്ഷണം എന്നിവ നടപ്പിലാക്കും. കാസർഗോഡ് ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ ഹൗസ് ബോട്ടുകൾ നിർമ്മിക്കും. മലബാർ പ്രദേശത്തിലെ ടൂറിസം വികസന സാദ്ധ്യതകളെക്കുറിച്ച് പഠിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും വേണ്ടി കോഴിക്കോട് മലബാർ ടൂറിസം മേള സംഘടിപ്പിക്കുന്നതാണ്. ബേക്കലിലെ റോഡ് ജലഗതാഗത പദ്ധതികൾ പൂർത്തീകരിക്കുന്നതിലേക്ക് 200 കോടി രൂപ ഈ വർഷം നീക്കിവച്ചിട്ടുണ്ട്. വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 325 കോടി രൂപ ലഭിച്ചിട്ടുണ്ട്. പി.ഡബ്ല്യു.ഡി. വഴി ആ റോഡുകൾ വികസിപ്പിച്ചെടുക്കുന്നതാണ്. കല്ലാർ എക്കോ

ടൂറിസം പദ്ധതിയുടെ പ്രവർത്തനമാരംഭിക്കും. കോന്നിയിൽ എക്കോ ടൂറിസം പദ്ധതി ആരംഭിക്കുന്നതിന് രണ്ടുകോടി രൂപയുടെ ഒരു പദ്ധതി തയ്യാറാക്കി കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്. ജടായുപ്പാറ ബി.ഒ.ടി സ്കീമിൽ ഉൾപ്പെടുത്തി വിനോദസഞ്ചാര കേന്ദ്രമാക്കാൻ പദ്ധതി തയ്യാറാക്കി വരുന്നു. മലമ്പുഴയിൽ 1.5 കോടി രൂപ മുതൽമുടക്കുള്ള ഒരു പദ്ധതി വരാൻ പോകുകയാണ്. കൂടാതെ മൂന്ന് ദേശീയ അവാർഡുകൾ ഈ ഗവൺമെന്റിന്റെ പ്രവർത്തനത്തിന്റെ ഫലമായി നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ആലപ്പുഴ, തൃശൂർ ജില്ലകളിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ തീരുമാനമെടുത്തു. നെഹ്രു ട്രോഫിക്ക് കൂടുതൽ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. ഡബ്ല്യൂ.ടി.എം., ബി.ടി.എം. ഉൾപ്പെടെയുള്ള ട്രേഡുകളിൽ പങ്കാളിത്തമുള്ള ഒരു സംസ്ഥാനമാണ് കേരളം. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

പൊതുമരാമത്ത് എന്ന XV-ാം നംപർ ധനാഭ്യർത്ഥനയും മൽസ്യബന്ധനം എന്ന XXXIII-ാം നംപർ ധനാഭ്യർത്ഥനയും 31-നെതിരെ 87 വോട്ടുകളോടെയും വിനോദസഞ്ചാരം എന്ന XLII -ാം നംപർ ധനാഭ്യർത്ഥന 31-നെതിരെ 88 വോട്ടുകളോടെയും സഭ പാസ്സാക്കു കയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ ഉച്ചയ്ക്കുശേഷം 2.12-ന് പിരിഞ്ഞു.

----